KNANAYADEEPAM

# ക്നാനായദീപം

SINCE 1989

Vol: 31 / Issue: 11 November 2020 ₹ :15/-



# $40^{th}$ Day of Demise

24-11-2020



Advt -R

# P.S.Abraham (73) (Kunjumon)

## Puthenveettil, Chingavanam

“നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”

**By Sorrowing Family**

Wife: **Leelamma Abraham**

Children

**Ruby Abraham & Manu Ruby**
**Roney Abraham & Lidi Roney**
**Rency Dilip & Dilip Thamarappallil**

Grand Children

**Akhila & Philips, Akshitha, Rabin**
**Abbu, Jake, Steve**
**Akshaya & Nevil, Aswathy, Aiswarya**

# ക്നാനായ ദീപം

SINCE 1989

2020 നവംബർ പുസ്തകം 31 ലക്കം 11

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

സിവിൽ സർവ്വീസ് കരിയർ നന്നായി ആസൂത്രണം ചെയ്യാം 07
സുനിൽ ഡി. കുരുവിള

യേശുവിനോടുള്ള സ്നേഹത്താൽ നമ്മുടെ ഹൃദയം ജ്വലിക്കട്ടെ 08
ഫാ. സിജിൽ ജോസ് വിലങ്ങൻപാറ

ഉത്കണ്ഠയ്ക്ക് വിട 10
ഡോ. രോണി ജിക്കു

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

മതി വരാത്ത അഴിമതി 17
റ്റി. സി. തോമസ് തോപ്പിൽ

ആരായിരുന്നു യേശുക്രിസ്തു 18
റ്റി. കെ. തോമസ് തൈകുറിഞ്ഞിയിൽ

ആത്മവിശ്വാസം 19
ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

സംതൃപ്തി 21
അഞ്ചു ലിജോ

23 ഏവൻഗേലിയോൻ ദീപം
ഫാ. ജിബിൻ പെരുംകണ്ണാലിൽ

25 ആധാരം (കവിത)
ബിജു പി. ഇളമ്പള്ളിൽ

25 പടിയിറക്കം (കവിത)
ബെന്നി മറ്റത്തിൽ, കുറ്റൂർ

26 മലർവാടിക്കൂട്ടം

26 ബാലദീപം ക്വിസ്

35 കുഞ്ഞുണ്ണി മാഷ്- മലയാളത്തിലെ പൊക്കമില്ലാത്ത കവി
എബി

36 ആഴ്ചവട്ടത്തിലെ ദിവസങ്ങൾക്ക് സഭാതലത്തിലുള്ള പ്രാധാന്യം എന്ത്?
മല്പോനാട് ചോദിക്കാം

37 മാർഗംകളി
അനൂബ് ജോൺ ചക്രവേലിൽ, രാമമംഗലം

39 മാട്രിമോണിയൽ


**ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)


**Visit www. knanayadeepam.com**


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 85475 84440
E-mail:
**kna.deepam@gmail.com**



**ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക**

# editorial



## എഡിറ്റോറിയൽ

കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ സസ്നേഹം അറിയിക്കുന്നത്, നാമോ, ലോകത്തിന്റെ ആത്മാവിനെയല്ല ദൈവം നമുക്ക് നൽകിയത് അറിവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെയത്രെ പ്രാപിച്ചത് (1 കോരി. 2:12). പരിശുദ്ധാത്മാവിന്റെ സഹായത്താൽ മാത്രമേ ആത്മീയ പരിജ്ഞാനം പ്രാപിപ്പാൻ സാധിക്കുകയുള്ളൂ. ആദ്ധ്യാത്മിക അറിവും ദൈവീക സ്വഭാവവും ഉളവാകുന്നതിന് ദൈവത്തിൽ പരിപൂർണ്ണമായി വേരൂന്നിയ ജീവിതം അത്യന്താപേക്ഷിതമാണ്. ദൈവത്തിൽ നിന്ന് പ്രാപിച്ച് നിത്യതയിലേയ്ക്ക് വളർത്തപ്പെടുന്നതിന് ഈ ആത്മീയ നിറവ് സഹായിക്കുന്നു. ആദാം ജീവവൃക്ഷത്തെ ഉപേക്ഷിച്ച് പാപം ചെയ്തതോടെ മനുഷ്യവർഗ്ഗത്തിനു നിത്യത നഷ്ടപ്പെട്ടു. രണ്ടാം ആദാമായ കർത്താവായ യേശുക്രിസ്തു ലോകത്തിൽ വന്നു മനുഷ്യന്റെ ഈ പാപത്തിനു പരിഹാരം ഉണ്ടാക്കി.

ആദാം മുതൽ ഇന്നെയോളം ധനതത്വശാസ്ത്രപ്രകാരമുള്ള ഉയർച്ച മനുഷ്യവർഗ്ഗം പ്രാപിക്കുകയും ദൈവത്തോടും ജനങ്ങളോടും ഉള്ള ബന്ധം പരിത്യജിക്കുകയും ചെയ്യുന്നു. ധനപരവും, വിജ്ഞാനപരവുമായ രംഗങ്ങളിൽ എത്രത്തോളം ഉയരുന്നുവോ അത്രത്തോളം സഹജീവികളോടും സൃഷ്ടാവിനോടും അവർ അകന്നുകൊണ്ടിരിക്കുന്നു. വെളിച്ചദൂതന്റെ വേഷം ധരിച്ച് പിശാചിന്റെ ദുഷ്പ്രേരണയ്ക്ക് ബലിയാടുകളായി ലോകം മുഴുവൻ വഞ്ചിക്കപ്പെട്ടിരിക്കുകയാണ് (വെളി.12:9). മനുഷ്യൻ മരം, കല്ല്, പൊന്ന്, വെള്ളി തുടങ്ങിയ വസ്തുക്കളെക്കൊണ്ട് അവനവനു ആവശ്യമുള്ള ദേവന്മാരെ ഉണ്ടാക്കാൻ തുടങ്ങി. അങ്ങനെ ലോകത്തിൽ മതങ്ങൾ ഉളവായി. അവനവന്റെ ബുദ്ധിക്കനുയോജ്യമായ ഭരണകൂടങ്ങൾ സ്ഥാപിച്ചു. ഇതെല്ലാമായിട്ടും മനുഷ്യൻ സ്വാർത്ഥനും, ദുർമോഹിയും, ദ്രവ്യാഗ്രഹിയും അസൂയാലുവും ആയിത്തീരുകയും തന്മൂലം കലഹങ്ങളും വൈരാഗ്യവും നിറഞ്ഞവരായി തങ്ങളെത്തന്നെ നശിപ്പിക്കുന്നവരുമായിത്തീർന്നു. ആധുനിക ലോകം തങ്ങളുടെ വിവേകത്തിലും പൈശാചിക വഴികളിലും മാത്രം ദൃഷ്ടി പതിക്കുവാൻ തുടങ്ങിയതിനാൽ അനേകരും നിരക്ഷരകക്ഷികളും, ദരിദ്രകുചേലരുമായി കഴിയുന്നു. നമ്മുടെ കർത്താവിന്റെ പരസ്യശുശ്രൂഷാ കാലത്തും സ്ഥിതി ഇങ്ങനെ തന്നെയായിരുന്നു. അങ്ങനെയുള്ള ലോകത്തെ നോക്കിക്കൊണ്ട് കർത്താവ് പറഞ്ഞു "ഞാൻ എന്റെ സഭയെ പണിയും" എന്ന്. ക്രിസ്തുയേശു തന്നെ മൂലകല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തോലന്മാരും, പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. എഫേ. 2.20. യേശുക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്തു സഭയുടെ മഹാപുരോഹിതനായി പിതാവിന്റെ വലതുഭാഗത്ത് ഇരുന്ന് ഇന്നും സഭയുടെ തലയായി ഇരിക്കുന്നു. തലയായ ക്രിസ്തുവിനെ പോലെ താഴ്മ ഭൂഷണമായി ധരിക്കേണ്ട ക്രിസ്ത്യാനികൾ അത്യുന്നതനോടു സമമായ പേരുകളും ഉന്നതഭാവവും നിഗളഹൃദയവും നല്കി ദൈവത്തിൽ നിന്ന് അകന്ന് ജീവിക്കുന്നതിന് പ്രേരിപ്പിക്കുന്നത് ദൈവത്തിന്റെ ശത്രുവായ ലൂസിഫറാണെന്നുള്ളത് വ്യക്തമാണ് (യെശയ്യാ 14:12).

ദൈവം അഭിഷേകം ചെയ്ത് തന്റെ വേലയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടവർ ദൈവത്തിന്റെ ദാസൻ, യേശുക്രിസ്തുവിന്റെ അപ്പൊസ്തോലൻ (തീത്തോ1:3), ദൈവത്തിന്റെയും കർത്താവായ യേശുക്രിസ്തുവിന്റെയും ദാസൻ (യാക്കോ.1-1) എന്നിങ്ങനെ അറിയപ്പെട്ടിരുന്നു. ഒന്നാമത്തെ പാത്രിയർക്കീസായ പത്രോസ് യേശുക്രിസ്തുവിന്റെ ദാസനും അപ്പൊസ്തോലനുമായ ശീമോൻ പത്രോസ് എന്നാണ് ലേഖനത്തിൽ എഴുതിയിരിക്കുന്നത്. അവർ തന്നത്താൻ താഴ്ത്തിയതുകൊണ്ട് ദൈവം അവരെ ഉയർത്തി. അത്ഭുതങ്ങളാലും അടയാളങ്ങളാലും വിവിധ വീര്യപ്രവൃത്തിയാലും ദൈവശക്തി വെളിപ്പെടുത്തി അവരെ ഉയർത്തി. ദൈവമാണ് തന്റെ വേലയ്ക്കു വേണ്ടി തിരഞ്ഞെടുക്കുന്നത് (എഫേ.4:11). അവൻ ചിലരെ അപ്പൊസ്തോലന്മാരായും പ്രവാചകന്മാരായും സുവിശേകന്മാരായും ഇടയൻമാരായും ഉപദേഷ്ടകൻമാരായും നിയമിക്കുന്നു. ദൈവജനത്തെ വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചു പരിജ്ഞാനത്തിലും ഉള്ള ഐക്യതയും തികഞ്ഞ പുരുഷത്വം പ്രാപിക്കുവോളം അവരെ യഥാസ്ഥാനത്തിൽ നയിക്കുവാനും സഭയുടെ ആത്മീയ വർദ്ധനവിനും വേണ്ടിയാണ് തന്റെ ദാസന്മാരെ നിയമിക്കുന്നത്. അല്ലാതെ ദൈവമക്കളെ ഭരിക്കുവാനോ, അവരുടെ മേൽ കർത്തൃത്വം നടത്തുവാനോ, അതിനുവേണ്ടി തിരഞ്ഞെടുക്കുന്ന കമ്മറ്റിയുടെ അദ്ധ്യക്ഷനായിരിക്കുവാനോ അല്ല. ദൈവജനത്തെ ഭരിച്ചു നടത്തുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവെന്ന കാര്യസ്ഥനെ അയച്ചിട്ടുണ്ട്. ദൈവജനത്തിനു മാതൃകയായിരിക്കുവാനാണ് ദൈവം ഇടയന്മാരെ ആക്കിയിരിക്കുന്നത് (1 പത്രോസ് 5:1-4 വായിക്കുക).

എന്നാൽ ലൂസിഫറും ചിലരെ ദൈവസഭയിൽ നിയമിക്കും. അവർക്ക് ദൈവശക്തിയില്ലെങ്കിലും ആ ശക്തിയുടെ വേഷമുള്ളതുകൊണ്ട് പെട്ടെന്നു തിരിച്ചറിയുവാൻ പ്രയാസമാണ്. അവർ അത്യുന്നതനോട് സമനാക്കി ഉയർത്തുന്ന പരിശുദ്ധൻ എന്ന് അറിയപ്പെട്ടേക്കാം. ഭദ്രാസനങ്ങളിൽ ഇരുന്ന് ദൈവത്തെപ്പോലെ സ്വയം ആക്കി, ജനത്തെക്കൊണ്ട് ആക്കി ഭരിക്കുന്ന രീതി ക്രിസ്തീയമല്ല. ഒരു ആട് നഷ്ടപ്പെട്ടാൽ 99 നേയും വിട്ടിട്ട് അതിനെ അന്വേഷിച്ച് പോകുന്ന നല്ലയിടയനുപകരം 99 പോയാലും ഒരാൾക്കു വേണ്ടി പള്ളികളും സ്വത്തുക്കളും പിടിച്ചെടുത്ത് അവകാശികളെ തല്ലി ചതക്കുന്ന രീതി ദൈവീകമാണോ. ചിന്തിക്കുക. ഇങ്ങനെയുള്ളവരാൽ ഭരിക്കപ്പെടുന്ന ജനം, മനുഷ്യർ സ്വസ്നേഹികളും ആയിരിക്കും (2. തീമോ. 3:2-5) വായിക്കുക. തർക്കങ്ങളും വാദങ്ങളും മാറ്റിവച്ച് ഫലം കണ്ട് വൃക്ഷത്തെ തിരിച്ചറിയുക (ലൂക്കോ. 6:43). ലൂസിഫറിന്റെ കെട്ടുകളെ പൊട്ടിച്ചെറിയുക. നമ്മുടെ കർത്താവ് വരാറായി. നാം ഇനിയും മനുഷ്യന്റെ ചതിയിൽ കുടുങ്ങിപ്പോകാതെ ദൈവവചനസത്യം സംസാരിച്ചുകൊണ്ട് വിശുദ്ധിയെ തികച്ച് കർത്താവിനെ എതിരേല്പ്പാൻ ഒരുങ്ങാം. നിത്യതയിൽ കാണാം.

എന്ന്

നിങ്ങളുടെ **റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



നവംബർ മാസത്തിലെ ആദ്യഞായറാഴ്ചയോടു കൂടെ പുതിയ ആരാധനാവർഷം ആരംഭിക്കുന്നു. ഒക്ടോബർ 30–31 തീയതി ഞായറാഴ്ചയാകുന്നു എങ്കിൽ അന്നായിരിക്കും വർഷാരംഭം, അഥവാ കൂദോശ് ഈത്തോ. സഭയുടെ ശുദ്ധീകരണദിനം എന്നാണാ വാക്കിനർത്ഥം. ഹൂദോസ് ഈത്തോ എന്നാണടുത്ത ഞായറാഴ്ച ദിവസം അറിയപ്പെടുന്നത്. സഭയുടെ പ്രതിഷ്ഠാദിനം എന്നാണാ വാക്കിനർത്ഥം.

ഒരിക്കൽ നമ്മുടെ കർത്താവ് ജനക്കൂട്ടത്തോടു പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ ജനക്കൂട്ടത്തിൽ നിന്നൊരു സ്ത്രീ എഴുന്നേറ്റ് “നിന്നെ പ്രസവിച്ച ഉദരവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളവ എന്നു പറഞ്ഞു” (ലൂക്കോ.11:27).

സ്വയനവീകരണം കൊണ്ടു യാതൊരു പ്രയോജനവും ഇല്ല. നവീകരിക്കപ്പെട്ട വ്യക്തി പ്രതിഷ്ഠിക്കേണ്ടവനെ കൃത്യസമയത്തുതന്നെ പ്രതിഷ്ഠിക്കുന്നില്ല എങ്കിൽ ആ മനുഷ്യനു സംഭവിക്കാവുന്ന വലിയവീഴ്ചയെക്കുറിച്ചു കർത്താവു ദൃഷ്ടാന്ത സഹിതം പ്രസംഗിച്ചപ്പോഴാണ് ആ സ്ത്രീ കർത്താവിനെ പുകഴ്ത്തിപ്പറഞ്ഞത്.

ഒരു മനുഷ്യനിൽ നിന്നു അശുദ്ധാത്മാവ് പുറപ്പെട്ടുപോയാൽ, അതു നീരില്ലാത്ത പ്രദേശങ്ങളിൽ തണുപ്പമ്പേഷിച്ചു നടക്കുന്നു. കാണാഞ്ഞിട്ടു താൻ വിട്ടുപോന്ന വീട്ടിലേക്കു മടങ്ങിച്ചെല്ലുന്നു. അപ്പോൾ അശുദ്ധാത്മാവ് ഇറങ്ങിപ്പോന്ന ഭവനം അടിച്ചുവാരി അലങ്കരിച്ചു കിടക്കുന്നതായി കാണുന്നു. തുടർന്ന് ഇറങ്ങിപ്പോന്ന അശുദ്ധാത്മാവ് തന്നിലും ബലമേറിയ ഏഴാത്മാക്കളെ കൂട്ടി ആ മനുഷ്യനിൽ പ്രവേശിച്ചാൽ പിന്നീടവന്റെ അവസ്ഥ എന്തായിരിക്കുമെന്നു ചിന്തിച്ചുകൊള്ളുവാൻ നമ്മുടെ കർത്താവ് പറഞ്ഞപ്പോഴാണ് ഈ സ്ത്രീ നമ്മുടെ കർത്താവിനു ജന്മം നൽകിയ തന്റെ അമ്മയായ കന്യകമറിയാമിനു അഭിനന്ദനങ്ങളർപ്പിച്ചത്.

“കൂദോശ് ഈത്തോ” ഞായർ ആചരിച്ച വിശ്വാസികൾ നിശ്ചയമായും “ഹൂദോസ് ഈത്തോ” ഞായറും ആചരിക്കണം. കാരണം അശുദ്ധാത്മാവിനെ നിഗ്രഹിച്ചു ശുദ്ധീകരിക്കപ്പെട്ട ഭവനം പ്രതിഷ്ഠിക്കപ്പെടേണ്ടവനെ പ്രതിഷ്ഠിക്കാതെ ഒഴിവാക്കിയിടുന്നതു ശുഭകരമല്ല. കാരണം കർത്താവ് ദൃഷ്ടാന്തത്തിലൂടെ നമുക്കു വെളിപ്പെടുത്തിത്തന്നുവല്ലോ.

ഓരോ വിശ്വാസിയും ദൈവത്തിന്റെ മന്ദിരമാകുന്നു എന്നും, ത്രിത്വത്തിൽ മൂന്നാമനായ ദൈവാത്മാവാണ് നമ്മിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതെന്നും പരിശുദ്ധനായ പൗലോസ് ശ്ലീഹാ നമ്മെ ഉൽബോധിപ്പിക്കുന്നു (1 കൊരി 3:16). ആകയാൽ നമ്മുടെ ശരീരമാകുന്ന ആലയത്തെ വിശുദ്ധിയോടെ കാത്തുസൂക്ഷിപ്പാൻ നാം ബാദ്ധ്യസ്ഥരാണ്. ദൈവേഷ്ടമല്ലാത്ത വിധത്തിൽ നാം പ്രവർത്തിച്ച് നമ്മുടെ ശരീരത്തെ നശിപ്പിക്കരുത്. അങ്ങനെ ആയാൽ നമ്മുടെ ശരീരത്തെ നാം നശിപ്പിക്കുന്നതിനു മുമ്പെ ദൈവം നശിപ്പിക്കും.

ആകയാൽ പ്രിയരെ ജാഗ്രതയോടിരിപ്പിൻ. പിശാചിന് നമ്മിൽ ഇടം കൊടുക്കാതിരിപ്പാൻ സൂക്ഷിപ്പീൻ. ദൈവം അനുഗ്രഹിക്കട്ടെ

കർത്തൃശുശ്രൂഷയിൽ

**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്താ**



റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ,

കോവിഡ് 19 മഹാമാരി മൂലം ലോകരാഷ്ട്രങ്ങളുടെ സമ്പദ്‌വ്യവസ്ഥ മുഴുവൻ തകിടം മറിഞ്ഞിരിക്കുന്നു. അതുപോലെ നമ്മുടെ ഇന്ത്യയും വലിയ സാമ്പത്തിക പ്രതിസന്ധിയിൽ കൂടിയാണ് കടന്നുപോകുന്നത് എന്നത് ഒരു വാസ്തവം തന്നെയാണ്. ഈ പ്രതിസന്ധിമൂലം ഗൾഫിലെ സാമ്പത്തിക ഭദ്രതയും അസ്ഥിരമായി. തൻമൂലം ഗൾഫ് നാടുകളിൽ ജോലി നഷ്ടപ്പെട്ട ധാരാളം ആളുകൾ നമ്മുടെ കൊച്ചു കേരളത്തിലേയ്ക്ക് എത്തിയിരിക്കുന്നു. അതുമൂലം സാധാരണ ജനങ്ങൾ എല്ലാം വലിയ വിഷമഘട്ടത്തിലാണ്. ഇത് നമ്മുടെ സമുദായത്തിന്റെയും ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചിരിക്കുകയാണ്. രണ്ടുമാസമായി സമുദായത്തിൽ ബഹുമാനപ്പെട്ട വൈദികർക്ക് മുടക്കം കൂടാതെ ശമ്പളം കൊടുക്കുവാൻ സാധിക്കുന്നില്ല. ദൈവാലയങ്ങളിൽ ആരാധനയ്ക്ക് ജനം തുടർച്ചയായി എത്തുവാനുള്ള വിലക്കുകൾ മൂലം സമുദായ അംഗങ്ങളുടെ ആത്മീകവും ലൗകികവുമായ പല ചടങ്ങുകളും മാറ്റിവെയ്ക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടായിരിക്കുന്നു. തന്മൂലം ഈ വർഷം പള്ളികളിലെ വരുമാനം കുറയുകയും പള്ളികൾ കേന്ദ്ര ഓഫീസിലേയ്ക്ക് അടയ്ക്കേണ്ട വിഹിതം അടയ്ക്കുവാൻ സാധിക്കുന്നില്ല എന്നതും ഒരു കാരണം ആണ് എന്നത് വിസ്മരിക്കുവാൻ ആവില്ല. സാമ്പത്തിക ഭദ്രത ഉള്ള, പല ദൈവാലയങ്ങളും നമുക്ക് ഉണ്ട് എന്നത് ഒരു പരമാർത്ഥം ആണ്. അങ്ങനെ ഉള്ള ദൈവാലയങ്ങൾ പോലും കൊറോണായുടെ മറവിൽ ദൈവാലയവിഹിതം കേന്ദ്രത്തിൽ അടക്കാതെയിരിക്കുന്നത് ശരിയായ കാര്യമല്ല. തന്നെയുമല്ല കൊറോണയ്ക്കു മുമ്പുള്ള സാമ്പത്തിക വർഷത്തെ 2019–2020 കുടിശ്ശികപോലും അടക്കുന്നില്ല. 2019 ജനുവരിയിലെ അസ്സോസിയേഷൻ തീരുമാന പ്രകാരം പള്ളിഭാരവാഹികളുടെ കാലാവധി രണ്ടുവർഷം ആക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2018–2019 സാമ്പത്തിക വർഷവും കൊറോണാമൂലം 2019–2020 ലെ സാമ്പത്തിക വർഷത്തെയും കേന്ദ്രവിഹിതം അടയ്ക്കാത്ത ധാരാളം ദൈവാലയങ്ങൾ നമ്മുടെ സമുദായത്തിൽ ഉണ്ട്. വൈദിക ശമ്പളം വർദ്ധിപ്പിച്ചപ്പോൾ കേരളത്തിന് പുറത്തുള്ള ദൈവാലയങ്ങൾക്കും ഇന്ത്യയ്ക്ക് പുറത്തുള്ള ദൈവാലയങ്ങൾക്കും ആണ്ടുവരിയും വൈദിക ശമ്പളവിഹിതവും പുതുതായി അസ്സോസിയേഷൻ നിശ്ചയിച്ചിരുന്നു. നാളിതുവരെ അപൂർവ്വം പള്ളികൾ ഒഴിച്ചാൽ ആരും തന്നെ അത് അടയ്ക്കുന്നില്ല. മേൽപ്പറഞ്ഞ കാര്യങ്ങൾ കൊണ്ട് തന്നെ സമുദായം വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഇതിന് പരിഹാരം കണ്ടേ മതിയാകൂ. 03–11–2020 കൂടിയ മാനേജിംഗ് കമ്മറ്റിയുടെ തീരുമാനപ്രകാരം ബാഹ്യകേരളത്തിലും ഇന്ത്യയ്ക്കു പുറത്തും ഉള്ള രാജ്യങ്ങളിൽ ഉള്ള പള്ളികൾക്കും നിശ്ചയിച്ചിരിക്കുന്ന വിഹിതം എത്രയും വേഗത്തിൽ സമുദായത്തിൽ അടയ്ക്കണമെന്ന് ബഹുമാനപ്പെട്ട പള്ളി വികാരിമാരോടും പള്ളി ഭാരവാഹികളോടും അഭ്യർത്ഥിക്കുകയാണ്. വൈദിക ശമ്പളം കൊടുക്കുവാൻ സമുദായം ബുദ്ധിമുട്ടി നിൽക്കുന്ന ഈ സമയം എല്ലാ ദൈവാലയങ്ങളിൽ നിന്നും അവരവരുടെ കുടിശ്ശിക അടച്ച് സമുദായത്തെ പ്രതിസന്ധിയിൽനിന്നും കരകയറ്റണം എന്ന് അഭ്യർത്ഥിക്കുന്നു. വളരെ പ്രതികൂല സാഹചര്യത്തിൽ കൂടി കടന്നുപോകുന്ന നമ്മുടെ സമുദായത്തിലെ പുരോഹിതന്മാരുടെ ശമ്പളം എങ്കിലും മുടക്കം കൂടാതെ കൊടുക്കുവാൻ എല്ലാ ക്നാനായ മക്കളുടെയും സഹകരണം വളരെ അനിവാര്യം ആണ്.

ക്നാനായ സമുദായത്തിൽ വരുമാനമുള്ള സ്ഥാപനങ്ങൾ തുലോം തുച്ഛമാണ്. ആ സ്ഥാപനങ്ങളുടെ സമുദായത്തോട് ഉള്ള സാമ്പത്തിക സഹകരണം പലപ്പോഴും ഉണ്ടായിട്ടുള്ളത് നന്ദിയോട് സ്മരിക്കുന്നു. വീണ്ടും അവരെ സമീപിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടെങ്കിൽ പോലും, അവരുടെ സഹകരണം ഈ അടിയന്തിരഘട്ടത്തിൽ, അത്യന്താപേക്ഷിതമാണ് അത് പ്രതീക്ഷിക്കുന്നു. മേൽപ്പറഞ്ഞ കാര്യങ്ങൾ 03–11–2020 ൽ കൂടിയ ക്നാനായ മാനേജിംഗ് കമ്മിറ്റിയിൽ പ്രതിപാദിക്കുകയും, ഈ പ്രതിസന്ധികളെക്കുറിച്ച് വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ ഏകകണ്ഠേന എടുക്കുകയുണ്ടായി.

2020 ഡിസംബർ 20–ാം തീയതി ഞായറാഴ്ച സമുദായത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയ പ്രതിഭകളെ ആദരിച്ചു കൊണ്ട് 'ക്നാനായ മെറിറ്റ് അവാർഡ്' വിതരണം ചെയ്യുവാൻ തീരുമാനിച്ചു. കൊവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ആയിരിക്കും അവാർഡ് വിതരണം നടത്തുന്നത്.

സമുദായത്തിലെ സാമ്പത്തിക പ്രതിസന്ധി (വൈദിക ശമ്പളം ഉൾപ്പെടെ) പരിഹരിക്കുന്നതിന് വികാരി ജനറാളിന്റെയും, വൈദിക ട്രസ്റ്റിയുടെയും, സമുദായ സെക്രട്ടറിയുടെയും ചുമതലയിൽ ഒരു സബ് കമ്മിറ്റിയെ നിയോഗിച്ചു. ഈ കമ്മിറ്റി വൈദികരുടെ ശമ്പളം കൊടുക്കുന്നതിനുള്ള ക്രമീകരണം ക്നാനായ കമ്മിറ്റിയോടു ചേർന്നു നടപ്പാക്കുവാൻ ശ്രമിക്കും.

ഇപ്പോഴത്തെ സാഹചര്യത്തോടനുബന്ധിച്ചു സാബു കണ്ണാട്ടിപ്പുഴയും, വില്ലി വടാമറ്റവും അവതരിപ്പിച്ച പ്രമേയം ഏകകണ്ഠേന പാസ്സാക്കി സമുദായ മെത്രാപ്പോലീത്തായ്ക്കു കൈമാറി.

മുന്നോക്ക സമുദായത്തിൽപ്പെട്ടവരിൽ പിന്നോക്കക്കാർക്ക് വേണ്ടി 10% സംവരണം അനുവദിച്ച സർക്കാരിനെ ക്നാനായ കമ്മിറ്റി അഭിനന്ദിച്ചു.

കോടതി ഉത്തരവുകളും, മറ്റു പലകാരണങ്ങൾ കൊണ്ടും വൈദികരുടെ പൊതുസ്ഥലംമാറ്റം നടത്തുവാൻ നമുക്ക് ഇതുവരെ സാധിച്ചിട്ടില്ല. അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുവാൻ ഞാൻ മുതിരുന്നില്ല. എന്നിരുന്നാൽ പോലും ക്നാനായ സമുദായത്തിലെ എല്ലാ പ്രതിസന്ധികളും നമ്മൾ എല്ലാവരും ഒരുമിച്ചു നിന്ന് തരണം ചെയ്യുവാൻ ദൈവം നമ്മളെ

*ശേഷം 9 – ാം പേജിൽ*



# സിവിൽ സർവ്വീസ് കരിയർ നന്നായി ആസൂത്രണം ചെയ്യാം

**സുനിൽ ഡി. കുരുവിള**

“സ്വപ്നം കാണാനുള്ള ധൈര്യവും, ആ സ്വപ്നത്തിനു വേരും ചിറകും നൽകാനുള്ള സ്ഥിരോത്സാഹവും ആണ് ജീവിതത്തിന്റെ ഏറ്റവും വലിയ മൂലധനം”.

സ്കൂളിൽ പഠിക്കുമ്പോൾ തന്നെ IAS Coaching Class നു പോകണോ?

എഞ്ചിനിയറിംഗിന്റെ അവസരങ്ങൾ കുറഞ്ഞപ്പോൾ പുതിയ കച്ചവടമാക്കി ‘കുട്ടി’ “IAS കോച്ചിംഗ് പരിപാടി” കുട്ടികളുടെ ഭാവിക്ക് അനാവശ്യമാണ്. അവർ ആസ്വദിച്ചു പഠിക്കട്ടെ, വായിക്കട്ടെ, സ്വപ്നം കാണട്ടെ! അവർക്കു നല്ല ദർശനങ്ങളും കാഴ്ചപ്പാടും നൽകാം. സമയമാകുമ്പോൾ അവർ വേണ്ടത് തിരഞ്ഞെടുക്കട്ടെ. തല്ലി പഴുപ്പിച്ചതൊക്കെ സിവിൽ സർവ്വീസിലും ഭാരമാണ്.

കുട്ടികൾ ആദ്യം നല്ല മനുഷ്യരും നല്ല വ്യക്തിത്വത്തിന്റെ ഉടമകളും നല്ല ആരോഗ്യമുള്ളവരും ആയി വളർന്നു വളരട്ടെ. സ്വഭാവവും മൂല്യബോധവും അവരിൽ വളരട്ടെ. വായനശീലം പൊതുവിജ്ഞാനം പഠന മികവ് നേതൃപാടവം രാജ്യസ്നേഹം ഒക്കെ ചെറുപ്പത്തിലേ വളർത്തിയെടുക്കാം. സിവിൽ സർവ്വീസ് രംഗത്ത് തിളക്കമാർന്ന വിജയം നേടിയവരൊക്കെ അങ്ങനെ വളർന്നുവന്നവരാണ്.

കൗമാരക്കാർക്ക് വേണ്ടത് നല്ല മാർഗ്ഗ നിർദ്ദേശവും കാഴ്ചപ്പാടുമാണ്; അവരെ അറിഞ്ഞു വഴി കാട്ടാൻ കഴിയുന്ന ഗുരുനാഥന്മാരെയാണ്. ഉന്നത വിദ്യാഭ്യാസം നേടാൻ അവരെ പ്രോത്സാഹിപ്പിക്കാം. നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒക്കെ പഠിച്ച് അവർ കരുത്തുനേടട്ടെ. എങ്കിലും ഒരു ലക്ഷ്യത്തിലേയ്ക്ക് ‘ചുരുക്കുകയല്ല’ മറിച്ച് വിശാലമായ ലോകസാദ്ധ്യതകളിൽ അവർ അവരുടെ ജീവിത ദൗത്യം തിരിച്ചറിയട്ടെ. കോച്ചിംഗ് ഫാക്ടറിയിൽ ‘ഒപ്പിച്ചെടുക്കുന്ന’ IAS ഉം doctor ഉം ഒക്കെ പലപ്പോഴും നിരാശപ്പെടുത്തുന്ന അനുഭവങ്ങൾ ആണ്.

ഒരാൾ ഏതെങ്കിലും മേഖലയിൽ വിജയിക്കണമെങ്കിൽ മാർക്കു മാത്രം പോരാ. അഭിരുചി, മനോഭാവം, വ്യക്തിത്വം, സോഫ്റ്റ് സ്കിൽസ്, ഹാർഡ് വർക്ക് എല്ലാം കൂടിയേ തീരൂ. വൈകാരിക ബുദ്ധിയും നേതൃത്വ പാടവവും സംഘമായി പ്രവർത്തിക്കാനുള്ള കഴിവും ഇന്ന് എല്ലാ മേഖലയിലും അനിവാര്യമാണ്. മറ്റുള്ളവരുടെ കയ്യടി വാങ്ങാനും ജാഡ കാണിക്കാനും ഉള്ളതല്ല നമ്മുടെ മക്കൾ. അവർക്കു അവരുടേതായ വ്യക്തിത്വവും താലന്തുകളും പ്രത്യേകതകളും ഉണ്ട്. അവരുടെ പഠനം തെരഞ്ഞെടുക്കുമ്പോൾ– കരിയർ പ്ലാൻ ചെയ്യുമ്പോൾ അവർക്കു ചേർന്നതും അർത്ഥവത്തായതും തെരഞ്ഞെടുക്കാൻ സഹായിക്കുക. ദുരഭിമാനം, അല്പജ്ഞാനം, മുൻവിധി ആപത്താണ്. ‘സിവിൽ സർവ്വീസിലേക്കു വരുന്നവർ civil ഉം ആയിരിക്കണം serving ആയിരിക്കണം”

ആ രംഗത്തിനു സംഭാവന നൽകാൻ – മൂല്യം നൽകാൻ കഴിയുന്നവരെയാണ് രാജ്യം തേടുന്നത്. അങ്ങനെയുള്ളവരാണ് ജയിച്ചു വരുന്നത്. അല്ലാത്തവർ വെറുതെ സമയം കളയുകയാവും! ബിരുദം അടിസ്ഥാനയോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത് തന്നെ muture ആയിട്ട് ആലോചിച്ച് മാത്രം ആ രംഗം തിരഞ്ഞെടുക്കാനാണ്. സിവിൽ സർവ്വീസ് വളരെ നല്ല മേഖലയാണ്. ഒരു പാടു പവറും ഗ്ലാമറും ഒക്കെയുള്ള ജോലിയാണ്. ഒപ്പം വലിയ ഉത്തരവാദിത്വവും! എന്നാൽ എല്ലാവർക്കും അത് ഭംഗിയാവില്ല – ആസ്വദിക്കാൻ കഴിയില്ല. കഷ്ടപ്പെട്ടല്ല, ഇഷ്ടപ്പെട്ടു ജോലിചെയ്യുന്നവരെയാണ് എല്ലാ രംഗത്തും ഇന്ന് ആവശ്യം. എന്നാൽ സിവിൽ സർവ്വീസ് ആണോ ഏറ്റവും വലുത് എന്ന് ചോദിച്ചാൽ തീർച്ചയായും അല്ല എന്ന് ഞാൻ പറയും. സേവനമാണ് ഏറ്റവും വലുത്. നിങ്ങൾക്ക് നിങ്ങളുടെ ജീവിതത്തിലൂടെ ഏറ്റവും നല്ല സേവനം കൊടുക്കാൻ കഴിയുന്നത് ഏതു ‘വേഷത്തിൽ’ നിന്നുകൊണ്ടാണോ അതാണ് ഏറ്റവും വലുത്.

ഒരിക്കൽ വളരെ മിടുക്കിയായ ഒരു കുട്ടി, അവൾക്കു ഒരു പാടു നൈപുണ്യങ്ങൾ ഉണ്ട്, എന്തും കരിയറായി എടുക്കാൻ കഴിയും, എന്റെ അടുത്ത് ഗൈഡൻസിനായി വന്നു. ഞങ്ങളുടെ ചർച്ചയിൽ ഞാൻ ഓർമ്മിപ്പിച്ചു, ‘ഏറ്റവും അർത്ഥവത്താകാൻ കഴിയുന്നത് ഏതു രംഗത്താണോ അത് തിരഞ്ഞെടുക്കാം’ അവൾ പറഞ്ഞു, “സന്തോഷമായി.. ഒരുപാടു ധൈര്യവും തോന്നുന്നു... ഞാൻ നിയമം പഠിക്കാൻ പോകുന്നു.” ശരിയാണ്, ഒരു പക്ഷെ സിവിൽ സർവ്വീസ് പോലെ അധികാരവും സോഷ്യൽ സ്റ്റാറ്റസും ഒന്നും എല്ലാ രംഗത്തും കിട്ടിയേക്കില്ല, പക്ഷെ ഇതെല്ലാം കിട്ടിയിട്ടും നല്ലൊരു ശതമാനത്തിനും ജീവിതം ആസ്വദിക്കാനോ അർത്ഥം കണ്ടെത്താനോ കഴിയുന്നില്ല. ലോകം രണ്ടാഴ്ച നിങ്ങളെ ആഘോഷിക്കും, പിന്നീട് സ്വയം പൊരുതി ജീവിക്കേണ്ടത് നിങ്ങളാണ്.

പ്രമുഖ സിവിൽ സെർവെന്റ് അന്തരിച്ച ബാബു പോൾ സാർ വിജയികളെ അനുമോദിക്കുന്ന ഒരു ചടങ്ങിൽ ഓർമ്മിപ്പിച്ചതുപോലെ, “പ്രിയ മാതാപിതാക്കളെ നിങ്ങൾ ഇനിയുമാണ് ഇവർക്കുവേണ്ടി കൂടുതൽ പ്രാർത്ഥിക്കേണ്ടത്... ഇനിയാണ് രക്ഷയുടെ കവചം കൂടുതലായി അവർക്ക് ആവശ്യം”. എല്ലാവരും സിവിൽ സർവ്വീസ് നേടേണ്ടതില്ല. എല്ലാ രംഗത്തും excellence സൃഷ്ടിക്കാൻ കഴിയും. അതാണ് പ്രധാനം! excellence !!! ലോകം നിങ്ങളെ ആസ്വദിക്കട്ടെ, നിങ്ങൾ ജീവിതവും.

വളരെ മിടുക്കരായ doctor ഉം IIT മുതലായ ഉന്നത സ്ഥാപനങ്ങളിൽ പഠിച്ച എഞ്ചിനിയറും ഒക്കെ സിവിൽ സർവ്വീസിലേയ്ക്ക് പോകുമ്പോൾ നന്നായി ആലോചിച്ചു യാത്ര തിരിക്കുന്നത് നന്നാവും.

1. ഇന്ത്യൻ സിവിൽ സർവ്വീസ് ഇനി എത്രകാലം ഈ നിലയിൽ തുടരും? കഴിഞ്ഞ വർഷം തന്നെ ജോയിന്റ് സെക്രട്ടറി ലെവലിൽ പലരെയും കേന്ദ്രം പുറത്തുനിന്ന് നിയമിച്ചതൊക്കെ ഓർക്കണം. പിന്നെ പല സർക്കാർ സ്ഥാപനങ്ങളും വിൽക്കുകയാണ്. സർക്കാറിനുള്ളിൽ തന്നെ പലതും consultancy യും contract Job ഉം ഒക്കെ ആയി മാറിക്കഴിഞ്ഞു.

2. രാഷ്ട്രീയ നേട്ടങ്ങൾക്കു വേണ്ടി നിയമവും ഭരണഘടനയും ഒക്കെ നിരന്തരം ലംഘിക്കുന്നതും ‘രാഷ്ട്രീയ’

*ശേഷം 9 –ാം പേജിൽ*

# യേശുവിനോടുള്ള സ്നേഹത്താൽ നമ്മുടെ ഹൃദയം ജ്വലിക്കട്ടെ

ഫാ. സിജിൽ ജോസ് വിലങ്ങൻപാറ

പ്രകൃതിഭംഗിയാൽ അനുഗ്രഹീതയായിരുന്നു ചെക്കസ്ലോവാക്യ എന്ന രാജ്യം. എന്നാൽ ഇപ്പോൾ ആ രാജ്യം ഇല്ല. 1993 ജനുവരിയിൽ ആ മനോഹരമായ രാജ്യം രണ്ടായി വിഭജിക്കപ്പെട്ടു. ചെക്ക് റിപ്പബ്ലിക് എന്നും സ്ലോവാക് റിപ്പബ്ലിക് എന്നും. രക്തം ചൊരിയാതെയുള്ള ഒരു മാറ്റമായിരുന്നു അത് എന്നതിനാൽ ആ വിപ്ലവത്തെ 'വെൽവറ്റ്' വിപ്ലവം എന്നാണ് വിളിക്കുന്നത്.

1990 വരെ ചെക്കസ്ലോവാക്യ കമ്യൂണിസ്റ്റ് ഭരണത്തിൻ കീഴിലായിരുന്നു. അക്കാലത്ത് കഠിനമായ പരീക്ഷണങ്ങളിലൂടെ അവിടുത്തെ സഭ കടന്നുപോകേണ്ടതായി വന്നു. ദൈവാലയങ്ങൾ അടച്ചു പൂട്ടപ്പെട്ടു. വൈദികർ നാടുകടത്തപ്പെട്ടു. ബിഷപ്പുമാർ അറസ്റ്റ് ചെയ്യപ്പെട്ടു. എന്നാൽ പീഡനം ഉണ്ടാകുമ്പോഴാണ് സഭ എല്ലാക്കാലത്തും ശക്തിപ്പെട്ടിട്ടുള്ളത്. ഈ അടിച്ചമർത്തലുകൾക്കൊന്നും തകർക്കാൻ കഴിയാത്ത ജ്വലിക്കുന്ന വിശ്വാസം സൂക്ഷിക്കുന്ന ബഹുഭൂരിപക്ഷം വരുന്ന അനേകലക്ഷം വിശ്വാസികൾ അവിടെ ഉണ്ടായിരുന്നു. ജീവൻ പണയം വച്ചും വിശ്വാസം കാക്കും എന്ന് ദൃഢപ്രതിജ്ഞ ചെയ്തവർ, തങ്ങളുടെ ജീവനെക്കാളേറെ തങ്ങൾക്ക് ജീവൻ നല്കിയ ക്രിസ്തുനാഥനെ സ്നേഹിച്ചവർ, ഭീകരമായ പിഡനങ്ങളുടെ നടുവിലും അണയ്ക്കാൻ കഴിയാത്ത വിശ്വാസം ഉള്ളിൽ സൂക്ഷിച്ച, അവരായിരുന്നു കർത്താവിന്റെ സഭയെ ആ രാജ്യത്ത് നിലനിർത്തിയത്.

ആ കാലഘട്ടങ്ങളിൽ വിശ്വാസികളുടെ ഹൃദയത്തിൽ ക്രിസ്തുവിനോടുള്ള സ്നേഹം ആളിക്കത്തിച്ച വിശുദ്ധനായ ഒരു വൈദികനുണ്ടായിരന്നു. അദ്ദേഹത്തിന്റെ പേര് ഫാ. ഷാൻ ക്രിസോസ്റ്റം കോരെക് എന്നായിരുന്നു. യേശുനാഥനോടുള്ള സ്നേഹത്താൽ ഹൃദയം ജ്വലിച്ചിരുന്ന പുരോഹിതനായിരുന്നു അദ്ദേഹം. പക്ഷേ, അദ്ദേഹത്തിന്റെ പൗരോഹിത്യ സ്വീകരണം പരസ്യമായി നടത്താനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹം രഹസ്യമായിട്ടാണ് വൈദികനായി അഭിഷേകം ചെയ്യപ്പെട്ടത്. 1950 ൽ ആയിരുന്നു അത്. ഒരു വർഷത്തിനുള്ളിൽ അദ്ദേഹം ബിഷപ്പായി ഉയർത്തപ്പെട്ടു. അതും രഹസ്യമായിട്ടാണ് നടത്തിയത്.

നമ്മുടെ മനസ്സിലുള്ള ഒരു ബിഷപ്പായിരുന്നില്ല അദ്ദേഹം. ബിഷപ്പിനടുത്ത ശുശ്രൂഷകൾ പരസ്യമായി ചെയ്യുവാനുള്ള സാഹചര്യം ആ രാജ്യത്ത് ഉണ്ടായിരുന്നില്ല. അതിനാൽ ഒരു ഫാക്ടറിയിൽ തൊഴിലാളിയായി അദ്ദേഹത്തിന് ജോലി ചെയ്യേണ്ടിവന്നു. എന്നാൽ, ഫാക്ടറിത്തൊഴിലാളിയായി ജീവിക്കുമ്പോഴും അദ്ദേഹം തന്റെ ദൈവവിളി മറന്നിരുന്നില്ല. അതിനോട് പൂർണ്ണമായും വിശ്വസ്തത പുലർത്തിയിരുന്നു. അദ്ദേഹം രഹസ്യമായി വി. കുർബ്ബാന അർപ്പിക്കുകയും തന്റെ സഹതൊഴിലാളികളോട് ക്രിസ്തുവിനെക്കുറിച്ച് പറയുകയും ചെയ്തിരുന്നു. തികച്ചും പ്രതികൂലമായ ഈ സാഹചര്യത്തിൽ ക്രിസ്തുസ്നേഹത്താൽ ജ്വലിച്ചിരുന്ന അദ്ദേഹം സഹപ്രവർത്തകരായ അനേകർക്ക് ക്രിസ്തുവിനെ പകർന്നു നല്കി. ആ സഹോദരങ്ങളുടെ വിശ്വാസം ജ്വലിപ്പിച്ചു.

പക്ഷേ ആരോ അദ്ദേഹത്തെ ഒറ്റിക്കൊടുത്തു. അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. അധികാരികൾ അദ്ദേഹത്തെ ജയിലിലടച്ചുവെങ്കിലും അദ്ദേഹത്തിന്റെ ക്രിസ്തുവിനോടുള്ള വിശ്വാസത്തെയും യേശുവിനോടുള്ള ആഴമായ സ്നേഹത്തെയും ജയിലിലടക്കാൻ അധികാരികൾക്ക് സാധിച്ചില്ല. ജയിലിലും തന്റെ വിശ്വാസ സാക്ഷ്യം അദ്ദേഹം തുടർന്നു. തടവുകാർക്ക് ആശ്വാസ സാന്നിദ്ധ്യമായിരുന്നു ബിഷപ്പ്. എന്നാൽ അദ്ദേഹത്തിന്റെ ശുശ്രൂഷയെക്കുറിച്ച് അറിഞ്ഞ അധികാരികൾ കൂടുതൽ കഠിനമായ പീഢനങ്ങൾക്ക് അദ്ദേഹത്തെ ഇരയാക്കി. ഒരു ഏകാന്തസെല്ലിൽ അദ്ദേഹത്തെ അടച്ചു.

ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും ഭീകരമായ ശിക്ഷയാണ് ഏകാന്ത തടവ്. സമൂഹജീവിയായ മനുഷ്യന് ഒറ്റയ്ക്ക് അനേക വർഷങ്ങൾ ചെലവഴിക്കുക എത്ര ദുഃസഹമാണ്. എനിക്ക് ലഭിച്ച ഏറ്റവും ഭീകരമായ ശിക്ഷയായിരുന്നു അത് എന്നാണ് ബിഷപ്പ് കോരെക് പിന്നീട് അതെക്കുറിച്ച് പറഞ്ഞത്. പക്ഷെ, ഏകാന്തതടവിന് നിർവീര്യമാക്കാമായിരുന്നതല്ല അദ്ദേഹത്തിന്റെ ക്രിസ്തുസ്നേഹം. ആ തടവറയിലും അദ്ദേഹം വിശുദ്ധ കുർബ്ബാന അർപ്പിച്ചിരുന്നു. വി. ബലി അർപ്പിക്കുമ്പോൾ എനിക്ക് എന്തെന്നില്ലാത്ത സ്നേഹം അനുഭവിക്കുവാൻ സാധിച്ചിരുന്നുവെന്ന് അദ്ദേഹം തന്നെ പിന്നീട് പറയുകയുണ്ടായി.



ഭീകരമായ പിഢനങ്ങളുടെയും കടുത്ത ഏകാന്തതയുടേയും മധ്യത്തിലും അഭൗമിക ആനന്ദം നൽകുവാൻ യേശുനാഥൻ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. വി. കുർബ്ബാനയിൽ യേശുക്രിസ്തുവിന്റെ സജീവ സാന്നിധ്യം ഉണ്ട് എന്നതിന്റെ വലിയ അടയാളമാണ് അദ്ദേഹം അനുഭവിച്ചിരുന്ന ആ അലൗകിക ആനന്ദം. ക്രിസ്തുവിനോടുള്ള സ്നേഹത്താൽ ഓരോ ദിനവും ആത്മീയമായും ബൗദ്ധികമായും അദ്ദേഹം കൂടുതൽ ഊർജ്ജസ്വലനായി.

ക്രിസ്തുവിന്റെ സാന്നിധ്യം ഏതു മരുഭൂമിയേയും മരുപ്പച്ചയാക്കി മാറ്റും എന്ന് ബിഷപ്പിന്റെ അനുഭവം നമ്മെ പഠിപ്പിക്കുന്നു. ചുട്ടുപൊള്ളുന്ന ചൂടിലും ശീതളഛായ നല്കാൻ യേശുവിന് മാത്രമേ സാധിക്കൂ.

അതിനാൽ സാഹചര്യങ്ങൾ മാറാനല്ല നാം പ്രധാനമായും പ്രാർത്ഥിക്കേണ്ടത്. പ്രത്യുത നമ്മുടെ ജീവിത സാഹചര്യങ്ങളിൽ യേശുവിന്റെ സാന്നിദ്ധ്യം നഷ്ടപ്പെടാതെ സൂക്ഷിക്കാനുള്ള കൃപയ്ക്കുവേണ്ടിയാണ്. യേശു ഉണ്ടെങ്കിൽ ശൂന്യമായ കൽഭരണിയിലും വീഞ്ഞു നിറയുമെന്ന് ഓർക്കുക.

ഏകാന്തതയിലും മരണത്തിന്റെ നിഴലിലും ആയിരിക്കുന്നവർക്ക് ഈ ചിന്ത വലിയ പ്രത്യാശ നല്കും. അതിനാലത്രെ സങ്കീർത്തകൻ ഇപ്രകാരം പറയുന്നത്.

“കൂരിരുൾ താഴ്‌വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു” (സങ്കീ. 23:4)

ആടുകളെ എന്നും ജാഗ്രതയോടെ കാക്കുന്ന ഇടയൻ കൂടെയുള്ളപ്പോൾ ആട് എന്തിന് ഭയപ്പെടണം?

ശത്രുവിന്റെ കരങ്ങളിൽ നിന്ന് സംരക്ഷിക്കുന്ന ഇടയന്റെ ഊന്നുവടിയും ദണ്ഡും നമുക്ക് കരുത്ത് നല്കുന്നു. അതിനാൽ ആയിരിക്കുന്ന അവസ്ഥയിൽ യേശുവിനെ ധ്യാനിക്കുവാൻ നമുക്ക് സാധിക്കട്ടെ.

**ഉപസംഹാരം**

റുമേനിയായിലെ ക്രൈസ്തവ വിരുദ്ധ സർക്കാർ കുറേ വർഷങ്ങൾക്കു മുമ്പ് റീച്ചാർഡ് വും- ബ്രാൻഡ് എന്ന സുവിശേഷകനെ ക്രിസ്തുവിന്റെ സുവിശേഷം പങ്കുവെച്ചു എന്ന കാരണത്താൽ തടവറയിലാക്കി. ക്രൂരമായ പീഡനങ്ങളാണ് അദ്ദേഹത്തിന് ഏൽക്കേണ്ടി വന്നത്. ഒന്നു നിവർന്നു നിൽക്കുവാൻ പോലും ആ ജയിലിൽ സൗകര്യമില്ലായിരുന്നു. ആവശ്യത്തിന് ഭക്ഷണമോ വെള്ളമോ ജയിലുള്ള തടവ് പുള്ളികൾക്ക് നൽകിയിരുന്നില്ല. ജയിലുള്ള അനേകം തടവുകാരും പീഡനം മൂലമോ പലവിധ രോഗങ്ങളാലോ മരണപ്പെട്ടിരുന്നു. നീണ്ട ഭീകര യാതനകൾക്കൊടുവിൽ പത്തുവർഷത്തിനുശേഷം അദ്ദേഹം ജയിൽ മോചിതനായി.

ക്രൂരമായ പിഢനങ്ങളെ അതിജീവിച്ച് ആ ജയിൽ നിന്നും പുറത്തുവന്നവർ വളരെ കുറച്ചുപേരെ ഉണ്ടായിരുന്നൊള്ളൂ. അതിൽ ഒരാളായിരുന്നു റിച്ചാർഡ് വും - ബ്രാൻഡ്. ജയിലിൽ നിന്നും പുറത്തുവന്ന അദ്ദേഹം പറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു.

“ഭീകരമായ ജയിലഴിക്കുള്ളിൽ നിന്നും പുറത്തുവരാൻ എനിക്ക് സാധിച്ചത് യേശുവിനോടുള്ള ആഴമേറിയ സ്നേഹം ഒന്നുമാത്രമായിരുന്നു” എന്ന്. പ്രിയമുള്ളവരെ, വിശുദ്ധരെല്ലാം യേശുവിനോടുള്ള സ്നേഹത്താൽ ഹൃദയം ജ്വലിക്കപ്പെട്ടവരായിരുന്നു. പൗലോസ് ശ്ലീഹായുടെ വാക്കുകളിലൂടെ തന്നെ അതു വെളിപ്പെടുത്തുന്നു. “ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആരു നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ പീഡനമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ”? (റോമ. 8:35). പത്രോസ് അപ്പൊസ്തോലൻ ഇപ്രകാരം പറഞ്ഞു “ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ പൂജിക്കുവീൻ”എന്ന്. ആയതിനാൽ വിശുദ്ധർ കാണിച്ച വഴിയിലൂടെ നമുക്ക് സഞ്ചരിക്കാം.

ക്രിസ്തുസ്നേഹത്താൽ ജ്വലിക്കുന്ന ഒരു ആത്മീയ ജീവിതം നയിക്കാം. വചനം നമ്മെ അനുസ്മരിപ്പിക്കുന്നു “എല്ലാ വിശുദ്ധരോടുമൊപ്പം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാൻ നിങ്ങൾക്കു ശക്തി ലഭിക്കട്ടെ. അറിവിനെ അതിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം നിങ്ങൾ ഗ്രഹിക്കാനും അതുവഴി ദൈവത്തിന്റെ സംപൂർണ്ണതയാൽ നിങ്ങൾ പൂരിതരാകാനും ഇടയാകട്ടെ” (എഫേ 3:18-19).

## സമുദായ വാർത്തകൾ

*6 -ാം പേജ് തുടർച്ച*

പ്രാപ്തരാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പ്രശ്ന പരിഹാരത്തിനു ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലും എപ്പോഴും തയ്യാറാണ് എന്നുള്ള ക്നാനായ കമ്മിറ്റിയുടെ മുൻപ്രസ്താവനകളെ വീണ്ടും ഒരിക്കൽ കൂടി ആവർത്തിച്ചുകൊണ്ടും, സമുദായത്തിൽ സമാധാനം ഉണ്ടാകുവാൻ എല്ലാവരും പ്രാർത്ഥിക്കണമെ എന്നു ആഹ്വാനം ചെയ്തുകൊണ്ടും, നിങ്ങളുടെ പ്രാർത്ഥനയിൽ ഈ സമുദായത്തെയും എളിയവരായ ഞങ്ങളെയും ഓർക്കണമെ എന്ന് അപേക്ഷിച്ചുകൊണ്ടും ഉപസംഹരിക്കുന്നു.

സമുദായ മാനേജിംഗ് കമ്മിറ്റിയ്ക്കുവേണ്ടി
സമുദായ സെക്രട്ടറി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

## സിവിൽ സർവ്വീസ് കരിയർ നന്നായി ആസൂത്രണം ചെയ്യാം

*7 -ാം പേജ് തുടർച്ച*

ത്തിന്റെ നിലവാരം തകരുന്നതു സിവിൽ സർവ്വീസിനു ഭീഷണിയാണ്.

3. വളരെ ബുദ്ധിയും കഴിവും ഉള്ള ചെറുപ്പക്കാർക്ക് നിങ്ങളുടെ കഴിവും വൈദഗ്ധ്യവും ഒക്കെ ഉപയോഗിച്ച് കരിയർ ഡെവലപ്പു ചെയ്യാൻ ഒക്കെ കഴിയുമോ....

നിലവിലുള്ള നല്ലൊരു ശതമാനം പേർ frustrated ആയിട്ട് മാറുന്നില്ലേ? Professionalism, ethics, feeedom ഒക്കെ ഉണ്ടായിരുന്ന ഇൻഡ്യൻ സിവിൽ സർവ്വീസ് ഇന്ന് അത്ര ശോഭയുള്ളതാണോ? നിരുത്സാഹപ്പെടുത്തുന്നില്ല. മറിച്ചു പ്രതിഭാശാലികളായ കുട്ടികൾ സിവിൽ സർവ്വീസ് കരിയർ ആയി എടുക്കാൻ തീരുമാനിക്കുമ്പോൾ അവർക്കു പോകാമായിരുന്ന അല്ലെങ്കിൽ നഷ്ടപ്പെടുത്തേണ്ടി വരുന്ന മറ്റു Profession ന്റെ ‘opportunity cost’ കൂടി ഒന്ന് ഗൗരവമായി പരിഗണിക്കുക.

ഒന്നു ചിന്തിക്കാൻ - ചർച്ച ചെയ്യാൻ പ്രേരിപ്പിക്കുന്നു എന്ന് മാത്രം. Just a caution.. encouraging you to think and analyse. Coaching Academy കളുടെ ഫുൾ പേജ് പരസ്യം ഒക്കെ കേമമാണ്. സമൂഹത്തിന്റെ, parents ന്റെ യൊക്കെ സമ്മർദ്ദം അവിടെ നിൽക്കട്ടെ.. ആഘോഷവും പെട്ടെന്നങ്ങു അവസാനിക്കും! ജീവിക്കേണ്ടത് നിങ്ങളാണ്... നേരിടേണ്ടത് നിങ്ങളാണ്... നഷ്ടം വന്നാൽ സഹിക്കേണ്ടതും

# ഉത്കണ്ഠയ്ക്ക് വിട

**ഡോ. രോണി ജിക്കു**

(അസ്സി. പ്രൊഫസർ സെന്റ് തോമസ് കോളേജ്, റാന്നി)

**നാം** ഇന്ന് ജീവിക്കുന്നത് ഉത്കണ്ഠയുടെ ഒരു ലോകത്തിലാണ്. നമ്മുടെ പൂർവ്വികരെക്കാളും ജീവിത സൗകര്യങ്ങൾ നമുക്കുണ്ട്. എങ്കിലും നാം അവരെക്കാളും അസ്വസ്ഥരാണ്. ആന്തരികമായി നാം അവരെക്കാളും ഉത്കണ്ഠാകുലരാണ്. ജോലി ചെയ്തു തഴമ്പിച്ച കരങ്ങൾ അവരുടെ പ്രത്യേകത. എന്നാൽ ഇന്നത്തെ സ്ത്രീപുരുഷന്മാരുടെ പ്രത്യേകത ചുളിവുവീണ നെറ്റിത്തടങ്ങളാണ്.

ഈ കാലഘട്ടത്തിന്റെ പ്രധാന താത്പര്യം, ഭൗതികവും താത്ക്കാലികവുമായ വസ്തുക്കളിലാണ്. ചില കച്ചവടപരസ്യങ്ങൾ നമ്മെ തെറ്റിദ്ധരിപ്പിക്കുന്നു, കൺതടങ്ങളിലെ കറുപ്പ്, വെൺമ കുറഞ്ഞപല്ലുകൾ, മുഖക്കുരു എന്നിവയാണ് ഒരു മനുഷ്യന് ഉണ്ടാകുന്നതിൽവച്ച് ഏറ്റവും വലിയ വിപത്ത് എന്നതാണ്. നശിച്ചുപോകുന്ന ഈ ശരീരത്തിനാണ് നാം നമ്മുടെ ജീവിതത്തിൽ അനർഹമായ പ്രാധാന്യം നല്കുന്നത്. ദൈനംദിന ജീവിതസുഖങ്ങളും സൗകര്യങ്ങളും മാത്രം അന്വേഷിക്കുന്ന നാം നമ്മുടെ നിത്യമായ ലക്ഷ്യം മറന്നു പോകുന്നു.

ദൈവത്തിൽ നിന്നും, സ്വന്തം മനഃസാക്ഷിയിൽ നിന്നും, ചുറ്റുമുള്ള പച്ചയായ യാഥാർത്ഥ്യങ്ങളിൽ നിന്നും നാം ഒളിച്ചോടുകയാണ്. പകരം ദന്തഗോപുരങ്ങളിലെ ആഡംബരങ്ങളിലും നവമാധ്യമങ്ങളിലും നാം അഭയം കണ്ടെത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ നാം ആയിരിക്കേണ്ടുന്ന അവസ്ഥയിൽ അല്ല നാം. ആഹാരത്തിനെക്കാൾ ജീവനും ഉടുപ്പിനേക്കാൾ ശരീരവും പ്രാധാന്യം ഉള്ളതാണെന്ന് നാം വിസ്മരിക്കുന്നു.

ആധുനിക സമൂഹം തങ്ങളുടെ ആത്മാവിനെ നശ്വരവും, അപര്യാപ്തവുമായ വസ്തുക്കളെക്കൊണ്ട് നിറയ്ക്കുവാനാണ് ശ്രമിക്കുന്നത്. എന്നാൽ അവയ്ക്ക് അതിന്റെ യഥാർത്ഥ അന്തർദാഹത്തെ ശമിപ്പിക്കാൻ കഴിയില്ല. ദൈവത്തിൽ നിന്നും ദൈവഹിതത്തിൽ നിന്നും അന്യപ്പെട്ട് മറ്റെന്തിലെങ്കിലും നാം നമ്മുടെ ശ്രദ്ധയും ആശയും കേന്ദ്രീകരിച്ചാൽ അതിന്റെ ഫലം ഉത്കണ്ഠ മാത്രമാണ്. അവിടെ മോഹഭംഗവും തോൽവിയും സുനിശ്ചിതമാണ്. ദൈവത്തിൽ നിന്നും അന്യപ്പെട്ട വ്യക്തി യുക്തിരഹിതമായ ഭയങ്ങൾക്കും സങ്കീർണ്ണമായ മാനസിക പ്രശ്നങ്ങൾക്കും അടിമപ്പെട്ടിരിക്കും. ഉത്കണ്ഠയ്ക്കുള്ള പരിഹാരം ക്രിസ്തുവിലേയ്ക്ക് നമ്മുടെ കണ്ണുകളെ തിരിക്കുക എന്നതാണ്. ക്രിസ്തുവിനെ ആരാധിക്കുക. അവൻ ഒരിക്കലും കൈവെടിയുകയില്ല, തളരുകയുമില്ല. അവൻ ജീവിതത്തിൽ സന്തുലിതവും, സുരക്ഷിതത്വവും സമാധാനവും പ്രദാനം ചെയ്യുന്നു.

ആയതിനാൽ ആധുനിക സ്ത്രീപുരുഷന്മാർ തങ്ങളെ തന്നെ മത്തുപിടിപ്പിച്ചിരിക്കുന്ന നിസ്സാരവും ക്ഷണികവുമായ വസ്തുക്കളെ വിട്ട്, ക്രിസ്തു യേശുവിൽ വെളിവാക്കപ്പെട്ട ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിക്കുക. വിശ്വാസത്താൽ ജീവിത ഭാരങ്ങളെ യഹോവയിലേയ്ക്ക് സമർപ്പിക്കുക.



രണ്ടാമതായി, ആകുലചിന്തകളിൽ നിന്നും രക്ഷനേടുന്നതിനു നമ്മുടെ നോട്ടം നമ്മളിൽ നിന്നും മാറ്റി ദൈവത്തിങ്കലേയ്ക്ക് കേന്ദ്രീകരിക്കുക. ഒപ്പം തന്നെ ക്രിസ്തുവിന് നമ്മളെതന്നെ പൂർണ്ണമായി സമർപ്പിക്കുക. പാതിസമർപ്പണമല്ല, സമ്പൂർണ്ണ സമർപ്പണം തന്നെയായിരിക്കണം. ഇപ്രകാരമുള്ള ഒരു സമ്പൂർണ്ണ സമർപ്പണം നമ്മുടെ ജീവിതത്തിൽ വ്യതിയാനങ്ങൾ വരുത്തുക തന്നെ ചെയ്യും. പ്രഭാത സൂര്യകിരണങ്ങൾ ഏറ്റ് മഞ്ഞുരുകുന്നതുപോലെ ഉത്കണ്ഠ അലിഞ്ഞില്ലാതെയാകും. ജീവിതത്തിനുതന്നെ പുതിയ അർത്ഥവും വ്യാപ്തിയും ഉണ്ടാകും. വിശക്കുന്ന ഒരു ശിശുവിന് പാലിനുപകരം കിലുക്കുന്ന ഒരു കളിപ്പാട്ടം നൽകി തൃപ്തിപ്പെടുത്താൻ കഴിയുകയില്ല. ആ ശിശുവിന്റെ വിശപ്പകറ്റാൻ ആവശ്യമായ പാൽ ലഭിക്കുന്നതുവരെ അതു കരഞ്ഞുകൊണ്ടിരിക്കും. അതേപോലെ ഉത്കണ്ഠയ്ക്കുള്ള യഥാർത്ഥ പരിഹാരം ദൈവവും മനുഷ്യനുമായി ഉള്ള ബന്ധം ശക്തിപ്പെടുത്തി, ദൈവത്തിങ്കലേയ്ക്ക് നമ്മളെ സമർപ്പിക്കുക എന്നു മാത്രമാണ്. അങ്ങനെ ക്രിസ്തുവിൽ സമ്പൂർണ്ണമായി സമർപ്പിച്ച് ജീവിതത്തിലെ പ്രശ്നങ്ങളെയും ഉത്കണ്ഠകളേയും പുതിയ കാഴ്ചപ്പാടോടെ നേരിടാൻ നമുക്ക് സാധിക്കട്ടെ.

## 30th Wedding Anniversary

21-10-2020



# Thomas (Saji)
# &
# Shibi

**Thamarappallil, Ranni**

Advt -O

Best Wishes from
Mereeta & Roshan, Brian Thomas

## 25th Wedding Anniversary

23-11-2020




# Binny & Leenu

**Chakrapurayil (H), Neelamperoor, Kurichy**

Advt -S

With Love Sneha

## 50 – ാം വിവാഹവാർഷികം

29 – 11 – 2020



# വി.എ. മർക്കോസ് & കുഞ്ഞമ്മ

**വല്ല്യത്തിൽ, ചിങ്ങവനം**

ആശംസകളോടെ
അനില & ബെന്നി : ബെനിറ്റാ, അനിറ്റാ
ജോളി & റെജി : ദിയ, എബ്രിൻ
അമ്പിളി & ബിനു : നേഹൻ, നോഹൻ
റ്റിന്റു & മോബിൻ : റയാൻ, നൈസാ
അജിനു & റിയ : എസ്തേർ, എറിൻ

Advt -O

# ഓതറ നസ്രേത്ത് ഫാർമസി കോളജിന് അംഗീകാരം







Government of Kerala

DISTRICT ADMINISTRATION PATHANAMTHITTA

CERTIFICATE

OF APPRECIATION

This is to certify that, Nazareth College of Pharmacy, Othera, Thiruvalla have actively co-operated with the District Administration Pathanamthitta in the preventive activities against the Covid 19 Pandemic by manufacturing of Hand Sanitizer.

Their collective and timely effort during the pandemic period is highly appreciated.

Pathanamthitta
28th October 2020

General Manager
District Industries Centre
Pathanamthitta

District Collector
Pathanamthitta

ബഹു. പത്തനംതിട്ട ജില്ലാ കളക്ടർ ശ്രീ. പി.ബി. നൂഹിന്റെ നിർദ്ദേശപ്രകാരം ഓതറ നസ്രേത്ത് ഫാർമസി കോളജ് മാനേജ്മെന്റിന്റെ മേൽനോട്ടത്തിൽ നമ്മുടെ സ്റ്റാഫ് നിർമ്മിച്ചു കൊടുത്ത സാനിറ്റൈസർ കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങളിൽ വളരെയധികം ഉപകാര പ്രദമായി. അതിനുള്ളതായ അംഗീകാരം ജില്ലാ ഭരണകൂടത്തിന്റെ ആസ്ഥാനമായ കളക്ട്രേറ്റിൽ ബഹു. ജില്ലാ കളക്ടർ ശ്രീ. പി.ബി. നൂഹ്, മാനേജർ ഫാ. ജെയിൻ തോമസ് കുളത്തുങ്കലിന് നൽകി. നസ്രേത്ത് ഫാർമസി കോളജ് പ്രിൻസിപ്പൽ ഡോ. എൽസി ഏബ്രഹാം ചടങ്ങിൽ സംബന്ധിച്ചു.


GOLDEN WEDDING
23rd NOVEMBER 2020
K.M Punnoose
&
Susamma
Kuttiyil
Heavenly Blessing
23 Nov 1970
23 Nov 1970
Divine Gifts
കരുണാമയനായ ദൈവമേ!
കഴിഞ്ഞ 50 വർഷക്കാലമായി അങ്ങയുടെ കൃപയിലും തണലിലും ഞങ്ങളെ ജയോത്സവമായി നയിച്ച അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങയ്ക്ക് സകുടുംബം പുകഴ്ച അർപ്പിക്കുന്നു. ഞങ്ങളുടെ ആയുഷ്കാലം മുഴുവൻ അവ ഞങ്ങളെ പിന്തുടരേണമേ എന്ന് അപേക്ഷിക്കുന്നു.
Advt - O

## പ്രശസ്ത വിജയം

**Dr. Surabhi Shaji**



അമേരിക്കയിൽ നോർത്ത് കരോലിന അഗ്രികൾച്ചറൽ & ടെക്നിക്കൽ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ (Reserch in Nano Technology) **Ph.D.** കരസ്ഥമാക്കിയ **സുരഭി ഷാജി** കട്ടപ്പന സെന്റ് മേരീസ് ക്നാനായ ഇടവകയിൽ പള്ളിക്കപ്പറമ്പിൽ ഷാജി തോമസിന്റെയും എൽസമ്മയുടെയും മകളാണ്. താനിസ്, മൈത്രി എന്നിവർ സഹോദരങ്ങളാണ്.

Advt -R

## പ്രശസ്ത വിജയം



**ജീന തോമസ്**

മധുരൈ കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നും കെമിസ്ട്രിയിൽ പി.എച്ച്.ഡി. നേടിയ **ജീന തോമസ്** തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായപള്ളി ഇടവകാംഗവും കണ്ടത്തിൽ ഡോക്ടർ വിനോയ് തോമസിന്റെ (Assistant Professor, Christian College, Changennur) ഭാര്യയും, തൈക്കകത്തു തോമസ് – ഗീത ദമ്പതികളുടെ മകളുമാണ്. ഇപ്പോൾ നിരണം സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ആയി സേവനം അനുഷ്ഠിക്കുന്നു.

Advt -O



## 2 – ാം ചരമവാർഷികം

18 – 11 – 2020

# സി.ജെ. പുന്നൂസ്

(സണ്ണി)

കോട്ടയ്ക്കൽ

Advt -O

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**വിശ്വാസ സമൂഹത്തിന്റെ ആശീർവാദവും പ്രാർത്ഥനയും**

വിവാഹകൂദാശയിൽ സംബന്ധിക്കുവാൻ മണവാളന്റെയും മണവാട്ടിയുടെയും മാതാപിതാക്കൾ ക്ഷണിച്ചുവരുത്തിയ ബന്ധുമിത്രാദികൾക്ക് ഈ ശുശ്രൂഷയിൽ വലിയ ഒരു ഉത്തരവാദിത്വമുണ്ട്. മണവാളനെയും മണവാട്ടിയെയും അനുഗ്രഹിച്ച് ആശീർവദിക്കുവാനും അവരുടെ സർവ്വവിധ നന്മകൾക്കും വേണ്ടി പ്രാർത്ഥിക്കുവാനും വേണ്ടിയാണ് ഇവർ ക്ഷണിക്കപ്പെട്ടിരിക്കുന്നത്. ഈ ഉത്തരവാദിത്വം ആരെങ്കിലും ഏതെങ്കിലും വിവാഹത്തിൽ പങ്കെടുത്തിട്ട് നിവർത്തിച്ചിട്ടുണ്ടോ? വധൂവരന്മാർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടോ?

“എവിടെ! എന്റെ അച്ചോ, എന്റെ ഭാര്യ ലീനാ കല്യാണത്തിനു വരുമ്പോൾ അവളുടെ കണ്ണ് പെണ്ണിന്റെ മന്ത്രകോടിയിലും, ആഭരണത്തിലും, മറ്റുള്ളവരുടെ വസ്ത്രധാരണത്തിലുമാണ്. പ്രാർത്ഥിക്കുവാൻ എവിടെയാണ് സമയം”.

ടോണി വീണ്ടും വെടിപൊട്ടിച്ചു.

“ശരിയാ ടോണിയെ സമ്മതിക്കണം. ടോണി മുഴുവൻ സമയവും പ്രാർത്ഥനയിലാണല്ലോ. ടോണി, സത്യം പറ, നിന്റെ നോട്ടം മുഴുവൻ ബിരിയാണി ചെമ്പ് പൊട്ടിക്കുന്നുണ്ടോ എന്നല്ലേ”?

അച്ചൻ ടോണിക്കിട്ട് വച്ച വെടി എല്ലാവരും ആസ്വദിച്ചു.

തമാശയ്ക്കായാലും ടോണി പറഞ്ഞതിൽ വാസ്തവമില്ലാതില്ല. പലവിധ വിചാരങ്ങളിലാണ് നാമൊക്കെ. നമ്മുടെ നിയോഗം മറന്നു പോകരുത്. പ്രാർത്ഥിക്കുവാൻ വിളിക്കപ്പെട്ടവരാണ് വിരുന്നുകാർ. ആ ദൗത്യം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുമ്പോഴാണ് വിശ്വാസ സമൂഹം യഥാർത്ഥമായും വിവാഹ കൂദാശയിൽ പങ്കാളികളാകുന്നത്. വിവാഹകൂദാശയിൽ വിശ്വാസ സമൂഹം അനുഷ്ഠിക്കുന്ന വിവിധ പ്രാർത്ഥനകളിലൂടെ ഒന്നു സഞ്ചരിക്കാം.

“ഞങ്ങളുടെ മണവാളൻ പൂർണ്ണനും മണവാട്ടി ശ്രേഷ്ഠയുമായിത്തീരണമെ” (പ്രാരംഭ പ്രാർത്ഥന).

മണവാളൻ അപൂർണ്ണനാണെന്നോ മണവാട്ടി ശ്രേഷ്ഠയല്ലെന്നോ അല്ല ഇവിടെ അർത്ഥമാക്കുന്നത്. അവരുടെ പൂർണ്ണതയ്ക്കും ശ്രേഷ്ഠതയ്ക്കും വേണ്ടി വിശ്വാസികൾ പ്രാർത്ഥിക്കുകയാണ്. അവർ പരസ്പരം ഒന്നായിത്തീരുവാൻ ഈ കൂദാശ സ്വീകരിക്കുമ്പോഴാണ് പൂർണ്ണതയും ശ്രേഷ്ഠതയും കൈവരിക്കുന്നത്.

“പിതൃ പുത്ര പരിശുദ്ധാത്മാവാം ദൈവമെ ആകാശത്തേയും ഭൂമിയെയും ഉയരത്തെയും ആഴത്തെയും സംയോജിപ്പിച്ചതായ നിന്റെ സമാധാനം ഇപ്പോൾ പരസ്പരം സമീപിച്ചിരിക്കുന്ന ഈ ഞങ്ങളുടെ സഹോദരങ്ങളെ സംയോജിപ്പിക്കുകയും” (മോതിരവാഴ്വ് ശുശ്രൂഷയുടെ രണ്ടാമത്തെ പ്രാർത്ഥന).

വിശ്വാസികൾ മണവാളന്റെയും മണവാട്ടിയുടെയും കൂടിച്ചേരലിനായി പ്രാർത്ഥിക്കുന്നു. എത്രമാത്രം വ്യത്യസ്തകൾ ഉണ്ടെങ്കിലും ഏത് വ്യത്യസ്ത സാഹചര്യങ്ങളിൽ ജനിച്ചു വളർന്നതാണെങ്കിലും ദൈവമെ, നീ ഇവരെ പരസ്പരം സംയോജിപ്പിക്കണമേയെന്ന് പ്രാർത്ഥിക്കുന്നു. പ്രകൃതിയിലെ രണ്ടു വ്യത്യസ്ത പ്രതിഭാസങ്ങളെ ഒരുമിപ്പിച്ച ദൈവത്തിന് ഈ വധൂവരന്മാർ ഒന്നായിത്തീരുന്നതിന് കൃപ തോന്നണമേയെന്നാണ് വിശ്വാസികൾ പ്രാർത്ഥിക്കുന്നത്. അവരുടെ കൂടിച്ചേരലിൽ നമ്മുടെ പ്രാർത്ഥനയ്ക്ക് വലിയ സ്ഥാനമുണ്ട്.

“ഞങ്ങളുടെ പുത്രനായ ഈ മണവാളനും പുത്രിയായ ഈ മണവാട്ടിയും ജ്ഞാനസംപൂർണ്ണരും നിറവുള്ളവരും ആയിത്തീരുവാൻ ഇടയാക്കണമെ” (സെദറ).

വിവാഹ ജീവിതത്തിൽ ജ്ഞാന സമ്പൂർണ്ണതയുടെ പ്രസക്തി തിരിച്ചറിയണം. ജ്ഞാനം (Wisdom) ദൈവീകമാണ്. ഒത്തൊരുമിച്ച് ജീവിക്കുവാൻ ദൈവകൃപ ആവശ്യമാണ്. കുടുംബം നയിക്കുമ്പോൾ വിവേകത്തോടും പക്വതയോടുമായിരിപ്പാൻ സ്വർഗ്ഗീയ ജ്ഞാനം ആവശ്യമാണ്. *“സ്ത്രീകളിൽ ജ്ഞാനമുള്ളവൾ തന്റെ ഭവനം പണിയുന്നു. ഭോഷത്വമുള്ളവളോ സ്വന്ത കൈകളാൽ പൊളിച്ചുകളയുന്നു”(സദൃ.14:1).*

ലോകപരമായ അറിവോ വിദ്യാഭ്യാസമോ കുടുംബ ജീവിതത്തിൽ അത്രയ്ക്ക് പ്രസക്തമല്ല. ദൈവീക ജ്ഞാന മാണ് ആവശ്യം. അതിനായി പ്രാർത്ഥിക്കുവാൻ നമുക്ക് കട മയുണ്ട്.

"നശ്വരമായ മണവറയിൽ ഇവരുടെ ആയുഷ്ക്കാലം മുഴു വൻ വിവിധ തരത്തിൽ ഇവരെ അലങ്കരിക്കുകയും ഈറേ ന്മാരും മാലാഖമാരും ഇടവിടാതെ സന്തോഷിച്ചുകൊണ്ടിരി ക്കുന്ന ഈ സ്വർഗ്ഗീയ മണവറയിലേയ്ക്ക് കരുണയോടെ ഇവരെ ആനയിക്കുകയും ചെയ്യണമെ" (സെദറ).

ഈ വിവാഹജീവിതം (നശ്വരമായ മണവറ) അനശ്വര മണവറയിൽ (സ്വർഗ്ഗീയ മണവറ) പ്രവേശിക്കുന്നതിനുള്ള ഒരുക്കകാലമാകണമെയെന്ന് വിശ്വാസസമൂഹം പ്രാർത്ഥിക്കു ന്നു. ഇഹത്തിലും പരത്തിലും ദമ്പതികൾക്ക് ആനന്ദം നൽകുന്നതിനായി നാം പ്രാർത്ഥിക്കണം. നിത്യതയ്ക്കുള്ള അവകാശവും കൂടി വിവാഹ ജീവിതത്തിൽ പ്രവേശിക്കുന്ന വർക്ക് നൽകുവാനായി നാം പ്രാർത്ഥിക്കണം.

"സാക്ഷാൽ സത്യമണവാളനായ കർത്താവെ ഞങ്ങളുടെ മാദ്ധ്യസ്ഥം മൂലം പരസ്പരം വിവാഹനിശ്ചയം ചെയ്യപ്പെടു കയും തങ്ങളുടെ മണവാളത്വത്തിന്റെ മദ്ധ്യസ്ഥനായി നിന്നെ അംഗീകരിക്കുകയും ചെയ്തിരിക്കുന്ന ഈ ദാസരിൽ നിന്നു സുകൃത നടപടികൾ ഉണ്ടാകണമെ. ആത്മാർത്ഥമായ സ്നേഹവും യോജിപ്പും ശാന്തതയും വികാരഭരിതമല്ലാത്ത ഐക്യവും ഇവരിലുണ്ടാകണമെ. ആത്മാവിലും ശരീര ത്തിലും പരസ്പരം നിർമ്മലത സംരക്ഷിക്കുവാൻ ഇവർക്കു ശക്തി നൽകണമെ" (മോതിര വാഴ്വ് ശുശ്രൂഷ – എത്രോ).

വിശ്വാസ സമൂഹം അനുഗ്രഹിക്കപ്പെട്ട ദാമ്പത്യജീവിതം ഇവർക്കു നൽകണമേയെന്ന് പ്രാർത്ഥിക്കുന്നു. ഇവരിൽ നിന്നു സുകൃത നടപടികൾ ഉണ്ടാകണമെ. സൽപ്രവർത്തി കളാൽ ഇവരെ അനുഗ്രഹിക്കണമെ. ഇവരിൽ ആത്മാർത്ഥ മായ സ്നേഹവും യോജിപ്പും ശാന്തതയും ഐക്യവും ഉ ണ്ടാകണമേയെന്ന് പ്രാർത്ഥിക്കുന്നു. കളങ്കരഹിതവും നിർമ്മ ലവുമായ ദാമ്പത്യബന്ധം പരിപാലിക്കുവാൻ ഇവർക്കു ശക്തി നൽകണമേയെന്ന് പ്രാർത്ഥിക്കുന്നവരാകണം വിശ്വാ സ സമൂഹം. നന്മ പ്രവർത്തിക്കുന്ന കുടുബം സമൂഹത്തിന്റെ ഐശ്വര്യമാണ്. ഇവരിൽ കപടരഹിതമായ നിഷ്കളങ്കമായ സ്നേഹം നിറഞ്ഞു നിൽക്കണം. ഇവരുടെ ഐക്യം ഇവ രുടെ കുടുംബത്തിനും സഭയ്ക്കും മാതൃകയാകണം. ശാന്തിയും സമാധാനവും ഉള്ള കുടുംബമാകാൻ നാം പ്രാർത്ഥിക്കണം. ദൈവീക ഐക്യവും നിസ്വാർത്ഥ സ്നേ ഹവും പരസ്പരധാരണയും നിറഞ്ഞ ക്രിസ്തുകേന്ദ്രീകൃ തമായ കുടുംബജീവിതം ലഭിക്കുവാനായി മണവാളനും മണ വാട്ടിക്കും വേണ്ടി പ്രാർത്ഥിക്കുന്നവരാകണം സഭാ മക്കൾ.

"ഈ മോതിരങ്ങളോടുകൂടി സ്വർഗ്ഗീയ അനുഗ്രഹങ്ങൾ ഇവർക്കു നൽകുകയും പരിപാകതയാൽ ഇവരെ അലങ്കരി ക്കുകയും വിനയത്താൽ ഇവരെ ശ്രേഷ്ഠരാക്കുകയും ചെയ്യട്ടെ. സകല കപടസ്നേഹത്തെയും ഇവരിൽ നിന്ന് നീക്കിക്കളയുകയും അന്യോന്യം സ്നേഹിപ്പാനായി സ്നേഹാഗ്നികൊണ്ട് ഇവരുടെ ഹൃദയങ്ങളെ ഉജ്ജ്വലിപ്പിക്കു കയും ചെയ്യട്ടെ. കർത്താവ് തന്റെ സന്നിധിയിൽ നിന്ന് നല്ല കാലങ്ങളും അനുഗ്രഹ സംപൂർണ്ണമായ സംവത്സരങ്ങളും ഇവർക്കു നൽകുമാറാകട്ടെ. ഇവർക്ക് അനുഗൃഹീത സന്താ നങ്ങളെയും സൗഭാഗ്യകാലങ്ങളെയും നൽകണമെ. സൽപ്ര വൃത്തികളാകുന്ന സമ്പാദ്യം ഇവർക്കു വർദ്ധിപ്പിക്കണമെ. നിന്നിലുള്ള സത്യവിശ്വാസത്തിൽ ഇവരെ സ്ഥിരപ്പെടുത്തി ക്കൊള്ളണമെ. നിന്റെ വിജയസ്ലീബായിൽ ഈ മണവാള നെയും മണവാട്ടിയെയും കാത്തുകൊള്ളണമെ" (മോതിര വാഴ്വ്– ആശീർവാദ പ്രാർത്ഥന).

മോതിരവാഴ്വ് ശുശ്രൂഷയുടെ സമാപനപ്രാർത്ഥനയാണ് ഈ ആശീർവാദം. ഇവരുടെ ആത്മീയവും ഭൗതീകവുമായ നൽവരങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും ആശീർവാദവു മാണിത്. കപടലോകത്തിന്റെ നടുവിൽ ജീവിക്കുന്ന ഇവരെ കപടസ്നേഹം സ്വാധീനിക്കാതിരിപ്പാനും സ്നേഹത്തിന്റെ അഗ്നി ഇവരിൽ പകരുവാനും പ്രാർത്ഥിക്കുന്നു. Love is a fire. സ്നേഹം ഒരു തീജ്വാലയാണ്. അത് സമൂഹത്തിലേയ്ക്ക് കത്തിപ്പടരേണ്ടതാണ്. കപടസ്നേഹത്തിൽ നിന്നും ദൈവം ഇവരെ വിടുവിക്കുവാൻ സഭാമക്കൾ അപേക്ഷിക്കുന്നു. സന്താന സൗഭാഗ്യത്തിനായും അപേക്ഷിക്കുന്നു. മക്കൾ ദൈവത്തിന്റെ ദാനമാണ്. നല്ല മക്കളെ ലഭിക്കുവാൻ പ്രാർത്ഥി ക്കണം. ലഭിച്ചു കഴിഞ്ഞാൽ അവരെ ദൈവമുള്ളവരാക്കി വളർത്തുവാനുള്ള ദൈവകൃപ അവർക്കു ലഭിക്കുന്നതിനായി പ്രാർത്ഥിക്കുവാനുള്ള കടമയും നമുക്കുണ്ട്.

പള്ളി സെക്രട്ടറി ജോർജുകുട്ടി തന്റെ അനുഭവം പങ്കുവ ച്ചു: "അച്ചോ, വിവാഹം കഴിഞ്ഞ് ഏഴുവർഷത്തിനുശേഷ മാണ് ഞങ്ങൾക്ക് ദൈവം മക്കളെ തരുന്നത്. ആ ഏഴുവർഷം ഞാനും എന്റെ ഭാര്യയും കടന്നുപോയ സഹനങ്ങൾ അനവ ധിയാണ്. മക്കളുടെ വിലയും മക്കളില്ലാത്ത അവസ്ഥയിലെ സഹനങ്ങളും ഞങ്ങൾക്കു നന്നായറിയാം. അതുകൊണ്ട് ഏത് വിവാഹത്തിൽ പങ്കെടുത്താലും ദൈവമെ ഇവർക്ക് അനുഗൃഹീത സന്താനങ്ങളെ നൽകണമേയെന്നു ഹൃദയ പൂർവ്വം ഞങ്ങൾ പ്രാർത്ഥിക്കാറുണ്ട്".

"എല്ലാവരും ഒന്നു കൈ അടിച്ചേ"

അച്ചൻ വളരെ സന്തോഷവാനായി പറഞ്ഞു. ഏവരും മാതൃകയാക്കേണ്ട കാര്യമാണിത്. നമ്മെക്കൊണ്ട് ഉദ്ദേശിക്കു ന്നത് ഇതാണ്. ആത്മാർത്ഥമായി വധൂവരന്മാർക്കുവേണ്ടി പ്രാർത്ഥിക്കുക. കർത്താവിന്റെ വിജയസ്ലീബാ ഇവർക്കു കാവ ലായിരിക്കട്ടെയെന്ന് നാം പ്രാർത്ഥിക്കണം.

"കർത്താവേ പരസ്പരം ബന്ധിതരായിരിക്കുന്ന ഈ ദാസരെ നിന്റെ നൽവരങ്ങളുടെ ഐശ്വര്യത്താൽ ശ്രേഷ്ഠ രാക്കുകയും നിന്റെ ദാനങ്ങളാൽ സന്തോഷിപ്പിക്കുകയും ചെയ്യണമെ" (കിരീട വാഴ്വ് ശുശ്രൂഷ – രണ്ടാമത്തെ പ്രാർത്ഥ ന).

നമ്മുടെ പ്രാർത്ഥന മുഖാന്തിരം ദൈവം ഇവരെ സന്തോ ഷിപ്പിക്കുകയും നൽവരങ്ങൾ നൽകി ഇവരെ ശ്രേഷ്ഠരാക്കു കയും ചെയ്യുവാൻ നാം പ്രാർത്ഥിക്കണം. കുടുംബജീവിത ത്തിന്റെ അടിസ്ഥാനം ആനന്ദമാണ്. മാത്രമല്ല ഇവർ കർത്താ വിനെ സ്തുതിക്കുവാൻ യോഗ്യരായിത്തീരുവാനും വിശ്വാ സസമൂഹം പ്രാർത്ഥിക്കണം. (തുടരും)

## ശുഭചിന്തകൾ

മനഃസമാധാനം ഒരിക്കലും നമ്മെ തേടി വരില്ല. കാരണം അത് നമ്മുടെ കൈകളിൽ തന്നെയാണ്. എവിടെ തൃപ്തിയുണ്ടോ അവിടെ മനഃസമാധാനം ഉണ്ടാവും – ഉള്ളതുകൊണ്ട് തൃപ്തിപ്പെടാൻ കഴിയുക എന്നത് ഏറ്റവും വലിയ ദൈവാനുഗ്രഹവും.

# മതി വരാത്ത അഴിമതി

റ്റി. സി. തോമസ് തോപ്പിൽ
(ക്നാനായ കമ്മിറ്റി അംഗം)

ഒരു ക്രിസ്തുമസ് കാർഡിൽ ദരിദ്രയായ ഒരമ്മയും കുഞ്ഞും തമ്മിലുള്ള സംഭാഷണം രേഖപ്പെടുത്തിയിരിക്കുന്നതു കാണുവാനിടയായി.

"അമ്മേ ഇന്നു ക്രിസ്തുമസ് അല്ലേ, എനിക്ക് പുതിയ ഒരു ഉടുപ്പു വാങ്ങിത്തരുമോ?'' അമ്മ നിസ്സഹായതയോടെ കുഞ്ഞിനെ നോക്കി. "അമ്മേ ഇന്നു ക്രിസ്തുമസ് അല്ലേ, എനിക്ക് പുൽക്കൂടുണ്ടാക്കണം". അമ്മ വീണ്ടും മകനെ നോക്കി കണ്ണീർ പൊഴിച്ചു. "വിശപ്പു താങ്ങാനാവുന്നില്ലമ്മേ അല്പം ഭക്ഷണമെങ്കിലും" ആ അമ്മ ഒന്നു തേങ്ങി. "മകനേ നമുക്കു തരുവാനുള്ളത് ദൈവം ആരെയോ ഏല്പിച്ചിരിക്കുന്നു. പക്ഷേ അവർ നമ്മെ മറന്നുപോയി".

മതിവരാത്ത അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുകയാണ് രാജ്യം. അഴിമതിയുടെയും കോഴയുടെയും കൈക്കൂലിയുടെയും കള്ളക്കടത്തിന്റെയും ഞെട്ടിക്കുന്ന പുതുപുത്തൻ വാർത്തകൾ കൊണ്ട് സമ്പന്നമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. സമൂഹത്തിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന മൂല്യശോഷണത്തിനും സാമ്പത്തിക അസന്തുലിതാവസ്ഥക്കും പ്രധാന കാരണം അഴിമതിയും കള്ളക്കടത്തും കൈക്കൂലിയുമാണ്. രാഷ്ട്രീയം ജനസേവനത്തിനുള്ളതാണ്. എന്നാൽ രാഷ്ട്രീയത്തിലെ ചില കള്ളനാണയങ്ങളായ നേതാക്കളും ചില ഉന്നത ഉദ്യോഗസ്ഥ, മാഫിയ അവിശുദ്ധ കൂട്ടുകെട്ടുകളും രാജ്യത്ത് സമാന്തര സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നു. വെളിച്ചത്തുവന്ന അഴിമതികളെക്കാൾ വലിയ അഴിമതിയുടെ ഭാണ്ഡകെട്ടുകൾ ഇരുട്ടിൽ ഇപ്പോഴും മറഞ്ഞിരിക്കുന്നു. ഒരു വലിയ മഞ്ഞുമലയുടെ അറ്റം മാത്രമേ നാം കാണുന്നുള്ളു.

ജനങ്ങളുടെ നികുതി പണം കൊണ്ടു ശതകോടികൾ മുടക്കി പണിയുന്ന പാലങ്ങളും റോഡുകളും മാസങ്ങൾക്കകം ഗതാഗത യോഗ്യമല്ലാതെ തകരുന്നതും പൊളിയുന്നതും ഇന്ന് സർവ്വസാധാരണമാണ്. കേരളത്തെ വിഴുങ്ങിയ മഹാപ്രളയത്തിൽ സകലതും നഷ്ടപ്പെട്ടവർക്കായി സ്വരൂപിച്ച, പ്രളയ ദുരിതാശ്വാസ ഫണ്ടിൽപോലും തിരിമറി നടത്തി കൈയ്യിട്ടുവാരാൻ മനഃസാക്ഷിയില്ലാത്തവരായി നാം അധഃപതിച്ചിരിക്കുന്നു. ജനിച്ചു വീഴുന്ന ആശുപത്രി മുതൽ മരിച്ചു മണ്ണടിയുന്ന സെമിത്തേരിവരെ നീളുന്ന അഴിമതിയുടെയും കൈക്കൂലിയുടെയും നീണ്ട ചങ്ങലകൾ സമൂഹത്തിന്റെ മർമ്മ ഭാഗങ്ങളെ വരിഞ്ഞു മുറുക്കുന്നു. കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും കുറ്റകരമാണല്ലോ. കൈക്കൂലി കൊടുക്കുന്നതുകൊണ്ടാണല്ലോ വാങ്ങുന്നത്. കൈക്കൂലി വാങ്ങുന്നതുകൊണ്ടാണല്ലോ കൊടുക്കുന്നത്. കോവിഡ് ബാധിച്ച ഗർഭിണികളെപ്പോലും കൈക്കൂലിക്കു വിധേയരാക്കാൻ ഇക്കൂട്ടർക്കു യാതൊരു മടിയുമില്ല.

രാഷ്ട്രീയം രാഷ്ട്രസേവനത്തിനെന്ന നമ്മുടെ ജനാധിപത്യ സങ്കല്പങ്ങൾ വഴിമാറി ധനസമ്പാദനത്തിനുള്ള കുറുക്കുവഴിയായി പലപ്പോഴും മാറുന്നു. പൊതു ഖജനാവിലേക്കൊഴുകേണ്ട നികുതി വരുമാനം കള്ളക്കടത്തും, കരിഞ്ചന്തയും, കുഴൽ പണവും വഴി സ്വകാര്യ വ്യക്തികളെ അതിസമ്പന്നരാക്കുന്നു. മനുഷ്യന്റെ സ്വാർത്ഥ താല്പര്യത്തിനായി മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നു. ഈ ഭൂമിയുടെ കാര്യവിചാരകരാകേണ്ട മനുഷ്യൻ എല്ലാ ജീവജാലങ്ങളുടെയും ആവാസ കേന്ദ്രമായ ഭൂമിയുടെ ചൂഷകരായി തീരുന്നു. മരങ്ങൾ വെട്ടി നശിപ്പിക്കപ്പെടുന്നു. മലകളും കുന്നുകളും ഇടിച്ചുനിരത്തുന്നു. നദികൾ വറ്റി വരണ്ടുപോകുന്നു. എല്ലാം സ്വാർത്ഥ താല്പര്യങ്ങൾക്കായി വിനിയോഗിക്കുന്നു. ഇന്നത്തെ കാലാവസ്ഥാ വ്യതിയാനം മനുഷ്യന്റെ അധർമ്മത്തിനും അനീതിക്കുമുള്ള ദൈവത്തിന്റെ മുന്നറിയിപ്പാണ്. സത്യസന്ധത അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അഴിമതി, വഞ്ചന, അന്താരാഷ്ട്ര വിപണിയിൽ ശതകോടികൾ വിലമതിക്കുന്ന മയക്കുമരുന്ന് കള്ളക്കടത്തു മാഫിയാകളുടെ അമ്പരിപ്പിക്കുന്ന കഥകളുടെ പരമ്പരയാണ് ഇന്ന് പത്രദൃശ്യ മാധ്യമങ്ങളിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്നത്.

ലോകത്ത് ഏറ്റവും അഴിമതിയുള്ള രാജ്യങ്ങളിലൊന്നായി ഇൻഡ്യ മാറിയിരിക്കുന്നു. തുടച്ചു നീക്കാനാവാത്ത വിധം അഴിമതി പടർന്നു പിടിച്ചപ്പോൾ ഇവിടുത്തെ സാധാരണക്കാർ കൂടുതൽ ദരിദ്രരായി. ഓഫീസിലും പോലീസ് സ്റ്റേഷനിലും എന്തിനേറെ നീതിന്യായ കോടതികൾ വരെ ഇക്കാലത്തു കൈക്കൂലി ആരോപണങ്ങൾക്കു വിധേയരാകുന്നു. അപകടത്തിൽപെട്ട് ആശുപത്രിയിലെത്തുന്നവരെയും, ദുരന്തത്തിൽപെട്ട് നിസ്സഹായരായി കിടക്കുന്നവരെപ്പോലും ചൂഷണം ചെയ്യുന്നു. സഹായത്തിനെന്ന മട്ടിൽ അടുത്തുകൂടി വഞ്ചിക്കുന്നവരുമുണ്ട്. ഇതിനെക്കാൾ അധഃപതിക്കുവാൻ മനുഷ്യന് സാധിക്കുമോ? ഇതിനെതിരെ പൊതുജനവികാരം ഉയരേണ്ടിയിരിക്കുന്നു. അഴിമതിക്കാരെ തൂക്കിക്കൊല്ലാൻ ഇവിടെ നിയമമില്ലല്ലോ. നിയമത്തിന്റെ നടപടികൾ ഒച്ചിഴയും പോലെയാണ്. അഴിമതിയാരോപണങ്ങൾ തെളിയിക്കാൻ തന്നെ വർഷങ്ങൾ വേണ്ടിവരും. പിന്നെയല്ലേ ശിക്ഷയുടെ കാര്യം. നീതിപീഠത്തിൻ ഉപവിഷ്ഠരായിരിക്കുന്നവർക്കു നേരേയും അഴിമതി ആരോപണത്തിന്റെ ചൂണ്ടുവിരലുകൾ നീളുകയാണ്. മാതൃകാപരമായ ശിക്ഷയുടെ അഭാവമാണ് അഴിമതി പടർന്നു പന്തലിക്കുന്നതിനു കാരണമാവുന്നത്. വലിയ കരാറുകൾ സുതാര്യവും അനുമതികൾക്ക് ഏകജാലക സംവിധാനവും ഏർപ്പെടുത്തണം.

അഴിമതി സൃഷ്ടിക്കുന്നതിൽ ക്രൈസ്തവസഭകളും ഇന്ന് ഒട്ടും പുറകിലല്ല. ഒരു കാലത്ത് നാനാജാതി മതസ്ഥർ ആദരവോടു ബഹുമാനിച്ചിരുന്ന നമ്മുടെ പല സഭാ മേലദ്ധ്യക്ഷന്മാരും ഇന്ന് പല ക്രയവിക്രങ്ങളിലെ ക്രമക്കേടുകൾക്കും, മെഡിക്കൽസീറ്റുകളിലെ കുംഭകോണത്തിനും, പീഡന ആരോപണങ്ങൾക്കും വിധേയരായി കഴുത്തിൽ കുരിശുമാ

ശേഷം പേജ് 22-ൽ

# ആരായിരുന്നു യേശു ക്രിസ്തു

റ്റി. കെ. തോമസ് തൈകുറിഞ്ഞിയിൽ

ജനനം മുൻകൂട്ടി പ്രവചിക്കപ്പെട്ടിരുന്നവൻ, ശാരീരിക പിതാവില്ലാതെ കന്യക ഗർഭം ധരിച്ച് പിറവിയെടുത്തവൻ, ജനനം കാലിത്തൊഴുത്തിൽ, സകല ജനത്തിന്റെയും സന്തോഷമായവൻ, കീറ്റുശീലയിൽ പൊതിയപ്പെട്ടവൻ, മോടിയുള്ള വസ്ത്രങ്ങളുടെ ശേഖരം ഇല്ലാത്തവൻ, തച്ചന്റെ വീട്ടിൽ മാതാപിതാക്കൾക്കു വിധേയപ്പെട്ടു ജീവിച്ചവൻ, യോഹന്നാൻ സ്നാപകനാൽ സ്നാനം ഏല്ക്കപ്പെട്ടവൻ, പിശാചിനാൽ പരീക്ഷിക്കപ്പെടുകയും, അവന്റെ തന്ത്രങ്ങളെ ദൈവവചനംകൊണ്ട് ഖണ്ഡിക്കുകയും ചെയ്ത് പരാജയപ്പെടുത്തിയവൻ, നിരക്ഷരരായ മീൻപിടുത്തക്കാരെ ശിഷ്യന്മാരാക്കിയവൻ, ദൈവാലയത്തിൽ നിന്നും വിൽക്കുന്നവരേയും, വാങ്ങുന്നവരേയും, ചാട്ടവാറുകൊണ്ട് അടിച്ചുപുറത്താക്കിയവൻ, ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചവൻ, പിതാവു സാക്ഷ്യപ്പെടുത്തിയ തന്റെ ഏകജാതൻ, നീതിന്യായ വ്യവസ്ഥകളെ ബഹുമാനിച്ചവൻ, നീതിക്കുവേണ്ടി പോരാടിയവൻ, കപടഭക്തിക്കാരന്റെ മുഖം മൂടി വലിച്ചുകീറിയവൻ, സത്യം വിളിച്ചു പറയാൻ മുഖം നോക്കാത്തവൻ, അന്യന്റെ മുതൽ ആഗ്രഹിക്കാത്തവൻ, പാപമില്ലാത്തവൻ, പാപത്തെ വെറുത്ത്, പാപിയെ സ്നേഹിച്ചവൻ, മനുഷ്യന്റെ നിരൂപണങ്ങളെ തിരിച്ചറിഞ്ഞവൻ, ദൈവത്തിനുള്ളത് ദൈവത്തിനെന്നും, സീസറിനുള്ളത് സീസറിനെന്നും പഠിപ്പിച്ചവൻ, കാനാവിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കിയവൻ, കുരുടനു കാഴ്ചകൊടുത്തവൻ, അഞ്ച് അപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചവൻ, കടലിനുമീതേ നടന്നവൻ, പക്ഷവാതരോഗിയെ സുഖപ്പെടുത്തിയവൻ, ചുങ്കക്കാരനോടും, പാപിയോടും കരുണ കാട്ടിയവൻ, വേശ്യാസ്ത്രീയ്ക്ക് പാപക്ഷമ നൽകിയവൻ, തന്നിൽ നിന്നും ശക്തിപുറപ്പെട്ട് രക്തസ്രാവക്കാരിയ്ക്ക് സൗഖ്യം നൽകിയവൻ, സമാനതകളില്ലാത്ത വ്യക്തിത്വത്തിനുടമ, നീതിമാൻ, നിർദ്ദോഷി, നിഷ്കളങ്കൻ, പരിശുദ്ധൻ, ആശുപത്രികളും, കോളേജുകളും, അനാഥാലയങ്ങളും സ്ഥാപിച്ചിട്ടില്ലാത്തവൻ, പണപ്പിരിവ് നടത്താത്തവൻ, അധികാരത്തിന്റെ ധാർഷ്ഠ്യം ഇല്ലാത്തവൻ, ഭക്ഷണപ്രിയനല്ലാത്തവൻ, സൗഖ്യം ദാനമായി നൽകിയവൻ, പട്ടുമെത്തയിൽ ഉറങ്ങിയിട്ടില്ലാത്തവൻ, ഡോക്ടറേറ്റ് ഇല്ലാതിരുന്നവൻ, അനധികൃത സ്വത്തു സമ്പാദിക്കാത്തവൻ, കൈയ്യിൽ അംശവടിയും, സ്ലീബായും, സ്വർണ്ണമാലയും കുരിശും ഇല്ലാത്തവൻ, നഗ്നപാദനായി നടന്നവൻ, കോഴ വാങ്ങാത്തവൻ, പക്ഷഭേദം കാട്ടാത്തവൻ, സംസാരിക്കുന്നതു പ്രവർത്തിക്കുകയും, പ്രവർത്തിക്കുന്നതു സംസാരിക്കുകയും ചെയ്തവൻ, കളവുപറയാത്തവൻ, ഉപമകളിലൂടെ സംസാരിച്ചവൻ, ഉപാധികൾ കൂടാതെ സ്നേഹിച്ചവൻ, കള്ളപ്രവാചകന്മാരെ നിശിതമായി വിമർശിച്ചവൻ, ഫ്ളെക്സ് വച്ച് പരസ്യം ചെയ്യാതെ ദൈവരാജ്യം പ്രസംഗിച്ചവൻ, മരിച്ചവനെ ഉയിർപ്പിച്ചവൻ, മുന്തിയവാഹനം ഇല്ലാതിരുന്നവൻ, കഴുതയെ വാഹനമാക്കിയവൻ, ശിഷ്യനാൽ ഒറ്റിക്കൊടുക്കപ്പെട്ടവൻ, തള്ളിപ്പറഞ്ഞിട്ടും ചേർത്തു നിർത്തിയവൻ, ശിഷ്യന്മാരുടെ കാൽ കഴുകി ചുംബിച്ചവൻ, ശരീരരക്തങ്ങൾ വിഭജിച്ചുകൊടുത്തവൻ, പീലാത്തോസിന്റെ മുമ്പിൽ പതറാത്തവൻ, നിയമത്തേയും കോടതിയേയും ബഹുമാനിച്ചവൻ, ഭിന്നിച്ചിരുന്നവരെ സംയോജിപ്പിച്ചവൻ, സ്വന്തം കുരിശു ചുമന്നവൻ, ശിരസ്സിൽ മുള്ളുകൊണ്ടുള്ള കിരീടം വയ്ക്കപ്പെട്ടവൻ, മൂന്നാണികളിൽ തൂക്കപ്പെട്ടവൻ, വിലാവിൽ കുത്തുകൊണ്ടവൻ, പടയാളികളാൽ പരിഹസിക്കപ്പെട്ടവൻ, കള്ളന്മാർക്കൊപ്പം തൂക്കപ്പെട്ടവൻ, തന്നെ ഉപദ്രവിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചവൻ, സത്യമായും താൻ ദൈവപുത്രൻ എന്ന് തന്നെ തൂക്കിലേറ്റിയരെക്കൊണ്ടു പറയിപ്പിച്ചവൻ, കല്ലറ മുദ്രവച്ചിട്ടും, പട്ടാളം കാവൽ നിന്നിട്ടും, മൂന്നാം നാൾ ഉയിർത്തവൻ, വീണ്ടും വരും എന്ന് ഉറപ്പു പറഞ്ഞവൻ, പാപികളുടെ മാനസാന്തരത്തിനായി ഇന്നും കാതോർക്കുന്നവൻ, അതായിരുന്നു യേശുക്രിസ്തു എന്ന ദൈവപുത്രൻ, അവന്റെ നാമം പ്രസംഗിക്കുന്നവരും ആ നാമത്തിൽ പ്രവചിക്കുന്നവരും അവനെ അനുഗമിക്കുന്നു എന്നു പറയുന്നവരും, അവന്റെ തിരുശരീരരക്തങ്ങൾ കൈകളിൽ എടുത്ത് ആഘോഷിക്കുന്നവരും, അവനോളം ഉയർന്നില്ലെങ്കിലും, അവൻ ആരായിരുന്നു എന്ന സത്യം തിരിച്ചറിഞ്ഞേ മതിയാകൂ, അവൻ വീണ്ടും വരുന്നതിനു മുമ്പെങ്കിലും.



# ആത്മവിശ്വാസം

ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

ജീവാത്മ പരമാത്മ ബന്ധം ഗാഢമായി വികസിക്കുന്നതിനനുസരിച്ച് അവനവന്റെയുള്ളിലെ ആത്മാവിന്റെ പരിധികളില്ലാത്ത അപാരതകളെക്കുറിച്ചുള്ള വിശ്വാസമാണ് ആത്മവിശ്വാസം. ആത്മവിശ്വാസം വർദ്ധിക്കണമെങ്കിൽ ആത്മാവിനെ തിരിച്ചറിയണം, പഠിക്കണം, എന്നിട്ട് വിശ്വസിക്കണം. നശ്വരമായ ശരീരത്തെയും, ചഞ്ചലമായ മനസ്സിനെയുംകാളുപരിയായി ആത്മജ്ഞാനവും, ആത്മ നിർവൃതിയും, ആത്മാനുഭവങ്ങളും ആത്മലോകങ്ങളുമെന്തെന്ന് അനുഭവിച്ചറിഞ്ഞ് ശാസ്ത്രീയമായി പഠിച്ച്, സ്വയം ബോധ്യപ്പെട്ടുറപ്പാക്കണം.

നിങ്ങൾ തന്നെ നിങ്ങളെ ഒരു പരാജയമായി ഒരിക്കലും കണക്കാക്കരുത്. ആരെങ്കിലും നിങ്ങളെക്കുറിച്ച് 'നിങ്ങൾ ഒരു പരാജയമാണ്, നിങ്ങളെ ഒരിക്കലും ഒന്നിനും കൊള്ളില്ല എന്നു പറഞ്ഞാൽ, മോശമായി ചിത്രീകരിച്ചാൽ, നിങ്ങൾ തളർന്നു തരിപ്പണമായി അതിലും മോശമായ നിലവാരങ്ങളിലേയ്ക്കൂളിയിട്ടറങ്ങി അധഃപതിച്ചു നശിച്ചു പോകരുത്. മറ്റുള്ളവർക്കു സ്വാധീനിക്കുവാനാകാത്ത തരത്തിൽ, മറ്റുള്ളവരാൽ ബാധിക്കപ്പെടാത്ത വിധത്തിൽ നിങ്ങൾ വളരണം, ഉയരണം. വാക്കുകൾക്കും ചിന്തകൾക്കും ശക്തിയുണ്ട്. Auto suggestion, ആത്മകൽപ്പനകളിലൂടെ, പോസിറ്റീവ് അഫിർമേഷനിലൂടെ (Positive Affirmations) സ്വയം ശുദ്ധീകരിച്ച് ശക്തീകരിക്കുക. ഉപബോധ മനസ്സിന്റെ പോസിറ്റീവ് ശക്തി വികസിക്കുന്നതനുസരിച്ച് ആത്മവിശ്വാസം വർദ്ധിക്കും. നിങ്ങളുടെ ജീവിതത്തിൽ നന്മയും വിജയവും ആനന്ദവും നിറയാൻ കൂടുതൽ പോസിറ്റീവ് കാര്യങ്ങൾ ആകർഷിച്ചെടുത്തു സ്വന്തം മനസ്സിനെ സ്വാധീനിച്ചു വരുതിക്കുള്ളിലാക്കുക. Law of attraction. 'ഞാൻ ഒരു അനുഗ്രഹമാണ്. ഞാൻ മഹാബോധമാണ്. അതിവിശുദ്ധമായ ഊർജ്ജവും ശക്തിയും എന്നിൽ കുടികൊള്ളുന്നു. ആ പരമാത്മാവിന്റെ അനന്തശക്തിയാൽ എനിക്കു സകല കാര്യങ്ങളും സാധ്യമാണ്. ശ്രദ്ധേയവും സവിശേഷവുമായ രീതിയിൽ ഞാൻ വിജയിച്ചുകൊണ്ടിരിക്കുന്നു.' എന്നിങ്ങനെ സ്വയം ശുദ്ധീകരിച്ച് ശക്തീകരിച്ച് ഉത്തേജിപ്പിച്ചുണർത്തുന്ന Positive affirmations ആത്മകൽപ്പനകൾ പരിശീലിക്കുക. ദൃഢനിശ്ചയവും, ആത്മവിശ്വാസവും സ്വപ്നങ്ങളെ, ഭാവനകളെ യാഥാർത്ഥ്യം ആക്കും. അപ്പോൾ നിങ്ങളുടെ ഉപബോധമനസ്സ് നിങ്ങളുടെ ആത്മകല്പനകൾ ഏറ്റെടുത്തു നിങ്ങളെ ഒരു വൻവിജയമാക്കി, അനുഗ്രഹമാക്കി മാറ്റും. നിങ്ങളെ തെറ്റായി കാണുന്ന മറ്റൊരു വ്യക്തിയുടെ വിശ്വാസമല്ല, മറിച്ച് നിങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ കണക്കു കൂട്ടലുകളും, blue print-ഉം ആണ് നിങ്ങളെ നിയന്ത്രിക്കുന്നത്. നിങ്ങളുടെ പരാജയങ്ങൾക്ക് മറ്റുള്ളവരെ കുറ്റം പറയരുത്. മറ്റൊരാളല്ല നിങ്ങളെ നിയന്ത്രിക്കുന്നത്. നിങ്ങൾ സ്വയം അനുവദിക്കാതെ മറ്റൊരാൾക്ക് നിങ്ങളെ തോൽപ്പിക്കുവാനോ സ്വാധീനിക്കുവാനോ കഴിയുകയില്ല. ജീവിതത്തിൽ പരാജയങ്ങൾ സ്വാഭാവികമാണ്. എന്നാൽ നിങ്ങൾ ഒരിക്കലും ഒരു പരാജയമല്ല. മോശം അവസ്ഥകളെ മറികടക്കുവാൻ ഇച്ഛാശക്തി നിങ്ങളുടെ ഉള്ളിൽ ഉണ്ട്.

ആത്മനിന്ദയുള്ളവൻ, അവനവനെയറിയാത്തവൻ മറ്റുള്ളവരുടെ കണ്ണുകളിലൂടെയാണ് തന്നെതന്നെ നോക്കിക്കാണുന്നത്. മറ്റുള്ളവരുടെ തലച്ചോറിലൂടെ, അവരുടെ അറിവുകളിലൂടെ അവൻ സ്വയം അവനെ അളക്കാനും അറിയാനും പരിമിതപ്പെടുത്തുവാനും ശ്രമിക്കുന്നു. സ്വന്തം കാൽകളിലൂടെ നടക്കുവാൻ ശ്രമിക്കുന്നു. മറ്റുള്ളവരല്ല നാമാണ് നമ്മുടെയുള്ളിലെ അക്ഷയ ശക്തി പുറത്തെടുക്കേണ്ടത്. പരിഹാസികൾ അതു തടയുവാനും ആത്മവിശ്വാസം ചോർത്തിക്കളഞ്ഞ് നമ്മെ നിഷ്ക്രിയരാക്കുവാനും ശ്രമിച്ചേക്കാം. നമ്മെ മറ്റുള്ളവർ രോഗികളാക്കാതിരിക്കുവാൻ നാം നമ്മുടെ വൈദ്യനാവുക. മറ്റുള്ളവരുടെ അറിവുകേടുകളും പരിധികളും സ്വാധീനവും നമ്മിലെ നമ്മെ വിലകുറച്ചുകണ്ട് സ്വയം കുറ്റപ്പെടുത്തി സ്വയം മറ്റുള്ളവരുടെ നിയന്ത്രണത്തിലായി സ്വാതന്ത്ര്യമില്ലാതെ അടിമകളെപോലെ മറ്റുള്ളവരുടെ കയ്യടിക്കുവേണ്ടി അവരുടെ ഇഷ്ടപ്രകാരം പാവക്കൂത്തു നടത്തി ജീവിതം പരിഹാസികളെ ഭയന്ന് അനുകരിച്ച് അടിമപ്പെടുത്തി addicted ആക്കുന്നവരുണ്ട്.

സ്വയം ആരാണെന്നറിയുക. നമ്മുടെയുള്ളിലേക്കു കടക്കുന്തോറും ആത്മ കേന്ദ്രത്തിലേക്കെത്തും തോറും ബലഹീനതകളുടെ ചങ്ങലകൾ പൊട്ടും. ഭയം, അപകർഷതബോധം, വിജയതടസ്സങ്ങൾ ഇവ നീങ്ങും. നാം പരിശുദ്ധാത്മാവിന്റെ അക്ഷയസ്വരൂപമാണെന്ന ബോധം നമ്മുടെ ഇച്ഛാശക്തി ഉണർത്തി നമ്മെ മഹാബോധമുള്ളവരാക്കി എന്തും സാധ്യമാക്കുന്ന ബലം ഉള്ളിൽ തിരിച്ചറിയുന്നു. 'എന്നെ ശക്തമാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിലും മതിയായവൻ എന്ന വചനശക്തി ഉള്ളിൽ തെളിയുന്നു. കാട്ടിലെ ശക്തിമാനായ ആന നാട്ടിൽ ചെറിയൊരു ചങ്ങലക്കുള്ളിൽ തടവിലായി അനങ്ങാനാവാതെ കിടക്കുന്നു. ചങ്ങല പൊട്ടിക്കുവാനുള്ള അതിന്റെ ആത്മവിശ്വാസവും ശക്തിയും പുറത്തെടുക്കുവാനാകാതെ അതു മനുഷ്യർക്കും പരിമിതമായ സാഹചര്യങ്ങൾക്കും മെരുങ്ങി അടിമപ്പണി ചെയ്ത് അടി കൊള്ളുന്നു. കാട്ടിലെ രാജാവായ സിംഹം തന്റെ വീറും വാശിയും ശക്തിയുമൊന്നും സർക്കസു കൂടാരങ്ങളിൽ യജമാനനെ അന്ധമായി അനുസരിക്കുകയും അനുകരിക്കുകയും ചെയ്യുമ്പോൾ പ്രകടിപ്പിക്കുന്നില്ല. അന്ധമായ അനുകരണം, അമിതമായ ആശ്രയത്വം, വിധേയത്വം, അടിമത്തം പാരതന്ത്ര്യമാണ്. അതു ശക്തി ചോർത്തിക്കളഞ്ഞ് ഒന്നിനും കൊള്ളാത്തവരാക്കി ആത്മബലം ഇല്ലാതാക്കി ആത്മവിശ്വാസം തകർക്കുന്നു. നെഗറ്റീവ് ചിന്തകളുടെ, കുത്തുവാക്കുകളുടെ ഒഴുക്കിനെതിരെ നീന്തുക. ഇതുവരെ കണ്ടും കേട്ടും ഗ്രഹിച്ചുമറിഞ്ഞത് സത്യമാകണമെന്നില്ല. അതു നമ്മുടെ ആന്തരിക ശക്തിയെ തളച്ചിടുന്ന, പരിമിതപ്പെടുത്തുന്ന ചങ്ങലകളോ, ജയിലറകളോ ആകരുത്. നിങ്ങൾ മറ്റുള്ളവരാൽ, ചുറ്റുപാടുകളാൽ, പുറം ലോകത്താൽ നിയന്ത്രിക്കപ്പെടേണ്ട ഭീരുവല്ല. നിന്റെ ആത്മാവാണ് നിന്റെ ശക്തിവികാസം. ആത്മധ്യാനത്തിലൂടെ ജീവാത്മാപരമാത്മാ ബന്ധം ശക്തീകരിച്ച്, വിപുലീകരിച്ച് ഏതു പ്രതികൂലങ്ങളെയും അതിജീവിച്ച് 'ആത്മശക്തി' വീണ്ടെടുക്കുക.

നമ്മുടെ സമഗ്രമായ വളർച്ച നമ്മുടെ പരിസ്ഥിതി/ചുറ്റുപാടുകൾ (enviornment) എന്നിവയെ ആശ്രയിച്ചിരിക്കും. സാഹചര്യങ്ങളുടെ പരിമിതിയും വിസ്തൃതിയുമാശ്രയിച്ചായിരിക്കും വളർച്ചയുടെ കുറവും, കൂടുതലും. ഉദാഹരണമായി ഒരു ബൗളിൽ/ഫിഷ് ടാങ്കിൽ സ്രാവ് '8' ഇഞ്ച് വളരുമ്പോൾ സമുദ്രത്തിൽ 8 അടി (feet) വളരുന്നു. ബൗളിന്റെ അതിരു കടന്നു വളരാൻ പരിമിതി അതിനെ അനുവദിക്കുകയില്ല. ജനിച്ചു വീഴുന്നൊരു കുട്ടിയുടെ മനസ്സ് ശൂന്യവും ശുദ്ധവു




മാണ്. അവിടെ ആത്മശക്തി വളരാൻ കാത്തിരിക്കുന്നു. ക്രമേണ ചുറ്റുപാടുകളിൽ നിന്നും കണ്ടും കേട്ടും ഗ്രഹിച്ചും അനുഭവിച്ചും പുതിയൊരു പോസിറ്റീവ്/നെഗറ്റീവ് മനസ്സിന്റെ ചട്ടക്കൂട് mindset രൂപപ്പെടുന്നു. അതിരുകൾക്കപ്പുറത്തേക്കു കടന്നു വളരാൻ സാഹചര്യം/ചുറ്റുപാടുകൾ അനുവദിക്കുകയില്ല. അങ്ങനെ പ്രകൃതി ദത്തമായ/ ആത്മദത്തമായ കഴിവുകൾ തളയ്ക്കപ്പെടുന്നു. എന്നിരുന്നാലും കുപ്പത്തൊട്ടിയിലും പൊന്ന് മിന്നിത്തിളങ്ങും. സാഹചര്യങ്ങളുടെ പരിധി ഭേദിച്ച്, ചട്ടക്കൂടുകൾ പൊളിച്ച് പരിമിതിയുടെ (Limit) Mindset തകർത്ത് ഉയരങ്ങൾ കീഴടക്കാൻ ആത്മവിശ്വാസം പകരുന്ന ഉൾക്കരുത്തിനും ഇച്ഛാശക്തിക്കും കഴിയും. ആദ്യം സ്വയം വിശ്വസിക്കുക. ആത്മാവിന്റെ അപാരതകളറിഞ്ഞു വിശ്വസിച്ചംഗീകരിച്ചു, പരിധികളെ ഭേദിക്കുക.

നീയാണു നിന്റെ പ്രപഞ്ചത്തിന്റെ സൃഷ്ടാവും നിയന്താവും. നിന്റെ ആഗ്രഹങ്ങളും, വിശ്വാസങ്ങളും, ചിന്താഗതികളും ചേർന്ന ശക്തിയാണ് നിന്റെ ജീവിതത്തെ നിയന്ത്രിക്കുന്നതും, ക്രമപ്പെടുത്തുന്നതും. നിന്റെയുള്ളിൽ ഒരു ദൈവം ജീവിക്കുന്നു. അസാധ്യമെന്നു കരുതിയതൊക്കെയും സാധ്യമാക്കുന്ന ശക്തി. ആ ശക്തി നിനക്ക് അനുകൂലമാക്കുവാൻ നിന്റെ ബോധത്തിന്റെ പവിത്രതയ്ക്കും സമർപ്പണത്തിനും കഴിയും. വിശ്വാസം സകലതും സാധ്യമാക്കുന്നു. യേശു പറഞ്ഞു 'നിങ്ങൾ വിശ്വസിക്കുന്നതു ഭവിച്ചു എന്നു കരുതിയാൽ അതു സംഭവിക്കും'. മലകളെ മാറ്റുന്ന വിശ്വാസത്തെക്കുറിച്ച് മത്തായി 21:18-22ൽ പറഞ്ഞിട്ടുണ്ട്. വെള്ളത്തിനു മുകളിലൂടെ നടക്കുന്ന വിശ്വാസത്തെകുറിച്ച് മത്തായി 14:22-32 ൽ പറഞ്ഞിട്ടുണ്ട്. 'അല്പ വിശ്വാസിയെ നീ എന്തിനു സംശയിച്ചു' എന്നു വെള്ളത്തിൽ മുങ്ങാൻ തുടങ്ങിയ പത്രോസിനെ താങ്ങിയ ക്രിസ്തു ചോദിക്കുന്നു. ഭയവും, സംശയവും വിശ്വാസത്തിനും ദൃഢനിശ്ചയത്തിനും എതിരാണ്. പരാജയഭീതി ലക്ഷ്യത്തിലെത്തിക്കുകയില്ല. 'യഹോവയെ കാത്തിരിക്കുന്നവൻ ശക്തിയെ പുതുക്കും. അവൻ കഴുകനെപോലെ ചിറകടിച്ചുയരും. അവർ തളർന്നു പോകാതെ ഓടുകയും, ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും' (യെശയ്യാവ് 40:29-31) ജീവിത സമ്മർദ്ധങ്ങളിൽ തളർന്നു പിന്മാറാതെ ശക്തി പുതുക്കുക. കണ്ണടച്ചു കൊച്ചു കുഞ്ഞുങ്ങളെപോലെ പിതാവിൽ വിശ്വാസമർപ്പിച്ച് ഏതു പ്രതികൂലങ്ങളെയും അതിജീവിക്കുക.

ദൈവ വിശ്വാസത്തെ മാറ്റുരച്ചു നോക്കുന്ന ഉരകല്ലാണ് ആത്മ വിശ്വാസം. ഒടിയാറായ മരക്കൊമ്പിലിരിക്കുന്ന പക്ഷി യാതൊരു ഭയവും ടെൻഷനുമില്ലാതെ സുഖമായിരുന്നു പാടുന്നത് സ്വന്തം ചിറകിലുള്ള ആത്മവിശ്വാസം കൊണ്ടാണ്. മരക്കൊമ്പ് വീഴുമോ എന്ന ഭയവും സംശയവും ആ പക്ഷിയെ കർമ്മം ചെയ്യുന്നതിൽ നിന്നും പിൻവലിക്കുന്നില്ല. തന്റെയുള്ളിലെ, ഏതു പ്രതികൂല സാഹചര്യങ്ങളിലും, ഉണർന്നു പറക്കുവാനുള്ള ശക്തിയിൽ പക്ഷി സ്വഭാവികമായി വിശ്വസിക്കുന്നു. അതിൽ അസ്വഭാവികതയില്ല.

ഇച്ഛാശക്തി അഥവാ will power മറ്റെല്ലാശക്തിയിലും വലിയതാണ്. നിങ്ങളുടെ ആത്മവീര്യം ഉണരുന്നത് നിങ്ങളുടെ ഇച്ഛാശക്തി/ ആത്മവിശ്വാസത്തിലൂടെയാണ്. ശക്തമായ ഇച്ഛാശക്തിയുള്ളവൻ ഏതു പ്രതികൂല ബന്ധനങ്ങളെയും തവിടുപൊടിയാക്കി ലക്ഷ്യം നേടും. നഷ്ട സൗഭാഗ്യ ചാമ്പലിൽ നിന്നും ഫീനിക്സ് പക്ഷിയെപോലെ ചിറകടിച്ചുയരും.

അപകർഷതാ ബോധത്തിന്റെ തമോഗർത്തം നിരാശയുടെയും കഴിവുകേടുകളുടേയും ബലഹീനതയുടെയും ഭയത്തിന്റെയും പടുകുഴിയിലേക്ക്/നിലയില്ലാക്കയങ്ങളിലേയ്ക്കാഴ്ത്തുന്നു. പുറം മോടികളാലും പുറം പൂച്ചുകളാലും, അഹങ്കാരങ്ങളാലും അതിനെ മറികടക്കുവാനാകില്ല. ആത്മാർത്ഥമായി സ്വയം സ്നേഹിക്കുക, സ്വയം അംഗീകരിക്കുക, വിശ്വസിക്കുക, സംരക്ഷിക്കുക, പോഷിപ്പിക്കുക. ആത്മമൂല്യം ആത്മശക്തി വർദ്ധിപ്പിക്കും. 'ഞാനാരാണെന്ന്' എന്ന ചോദ്യത്തിനുത്തരം സ്വയം കണ്ടെത്തു. സ്വയം തിരിച്ചറിവ് ഉണർവ്വും, ഉത്തേജനവും പ്രചോദനവുമാണ്. നിങ്ങളുടെ ആത്മവിശ്വാസം നിങ്ങളുടെ സ്വയം പ്രതിച്ഛായയുടെ (self image) പ്രൊജക്ഷൻ ആണ്. നിങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ ധാരണ/ചിത്രം ആണ് സ്വയം പ്രതിച്ഛായ (self image). നമ്മളോടുള്ള നമ്മുടെ മൊത്തത്തിലുള്ള ആദരവാണ് ആത്മാഭിമാനം (self esteem). ശുദ്ധവും ശക്തവുമായ ആത്മാഭിമാനവും സ്വയം പ്രതിച്ഛായയും ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ജീവിതത്തിൽ സന്തോഷം, സമാധാനം ഇവ നിറയുകയും തടസ്സങ്ങളെ അതിജീവിച്ച് ലക്ഷ്യം/വിജയം നേടാൻ സഹായിക്കുകയും ചെയ്യുന്നു. നിന്നെക്കുറിച്ചുള്ള, മറ്റുള്ളവരുടെ അഭിപ്രായമല്ല മറിച്ച് നിന്റെ അഭിപ്രായവും, ധാരണയും, വിശ്വാസവുമാണ് നിന്റെ ഭാവി തീരുമാനിക്കുന്നത്. മറ്റുള്ളവരുടെ സ്നേഹവും സ്വഭാവവും സഹചര്യങ്ങൾക്കനുസരിച്ചു മാറും. അവനവനോടുള്ള മാറ്റമില്ലാത്ത അചഞ്ചലമായ വിശ്വാസം അവനവനെ രക്ഷിക്കുന്നു. Self trust is the first secret of Success.

ഈ ലോകം മുഴുവൻ നിനക്കെതിരെ വന്നാലും നിന്നിൽ നിനക്ക് വിശ്വാസമുണ്ടെങ്കിൽ, നീ നിന്നോടൊപ്പം ഉറച്ചു നിന്നാൽ ആ ആത്മശക്തിയിൽ ആർക്കും നിന്നെ തോൽപ്പിക്കാനാവുകയില്ല. അതാണ് ആത്മവിശ്വാസം. ●

# സംതൃപ്തി

അഞ്ചു ലിജോ, (MSW) ഇളവൻകളം, വാലടി

ഉള്ളിന്റെ ഉള്ളിൽ ദൈവരാജ്യം അനുഭവിച്ച്, ദൈവത്തെ രുചിച്ചറിഞ്ഞ് പരിശുദ്ധാത്മാവിന്റെ നിറവിൽ പരമാനന്ദത്തിലായിരിക്കുക എന്നതാണ് യഥാർത്ഥ സംതൃപ്തി. ഒരായുസ്സിൽ നേടാവുന്നതിൽ ഏറ്റവും വലിയ നേട്ടമാണ് സംതൃപ്തി നിറഞ്ഞ ജീവിതം. ശരീരത്തിൽ വസിച്ചുകൊണ്ടു തന്നെ നിത്യ ജീവനും, നിത്യാനന്ദവും, മോക്ഷവും ആത്മ സാക്ഷാത്കാരവും നേടുന്നതാണ് ജീവിത വിജയം. യഥാർത്ഥ 'സംതൃപ്തി' ഒളിച്ചിരിക്കുന്നത് അവനവന്റെ ഉള്ളിലാണ്. ആത്മാന്വേഷണങ്ങളിലൂടെ അവനവന്റെ ആത്മാവിനെ തിരിച്ചറിയുക. ഉള്ളിലെ പരമാത്മാവിനെ കണ്ടെത്തി ഉണർത്തുക. ലോകം മുഴുവനും നേടിയാലും കിട്ടാത്ത സന്തോഷവും സംതൃപ്തിയും സ്വന്തം ഉള്ളിന്റെയുള്ളിൽ നിന്നും കണ്ടെത്തുക. 'ഒരുവൻ ലോകം മുഴുവൻ നേടിയാലും, സ്വന്തം ആത്മാവിനെ നഷ്ടമാക്കിയാൽ അവന് എന്തു പ്രയോജനം' എന്നു ബൈബിൾ ചോദിക്കുന്നു.

സന്തോഷത്തിനും സമാധാനത്തിനും സ്വന്തം ഉള്ളിന്റെ ഉള്ളറകളിലേക്ക് നോക്കിയാൽ എന്നും സംതൃപ്തിയുണ്ടാകും. ഉള്ളിലനുഭവിക്കേണ്ട സംതൃപ്തി തിരിച്ചറിയാതെ പുറത്തേക്കു നോക്കി അന്വേഷിച്ചാൽ നിരാശയായിരിക്കും ഫലം. അവനവനറിയാതെ പുറമെയുള്ള സാഹചര്യങ്ങളിലും, വസ്തുക്കളിലും മനുഷ്യരിലും സംതൃപ്തിയും സന്തോഷവും ലഭിക്കുകയില്ല. അഥവാ ലഭിച്ചാൽ തന്നെ അതു ശാശ്വതമാകുകയില്ല. നൈമിഷികവും, അസ്ഥിരവും, താത്ക്കാലികവും, വ്യാജവുമായിരിക്കും.

സുഖവും, സന്തോഷവും, സംതൃപ്തിയും തേടിയുള്ള പരക്കം പാച്ചിലിലാണ് ഇന്നു മനുഷ്യൻ. മനുഷ്യൻ തന്റെ കൂടുതൽ സമയവും, ധനവും, അദ്ധ്വാനവും ചിലവഴിക്കുന്നത് സുഖിക്കാനാണ്. പണം, പ്രശസ്തി, ആഡംബര ജീവിതം, ആർഭാടങ്ങൾ, ലഹരി പദാർത്ഥങ്ങൾ, സ്ഥാനമാനങ്ങൾ, തുടങ്ങിയവ സന്തോഷവും സംതൃപ്തിയും തരുമെന്ന വിശ്വാസമാണ് ഇന്ന് ഓരോരുത്തർക്കുമുള്ളത്. ആത്മാവില്ലാത്ത ടൂർ, ഔട്ടിങ്ങ്, സിനിമ, ഷോപ്പിംഗ്, വിരുന്ന് സത്ക്കാരങ്ങൾ, പുതിയ തരം ഭക്ഷണപാനീയങ്ങൾ, വൈവിധ്യരുചികൾ, സെക്സ്, ഫാഷൻ, ലക്ഷ്വറി ലൈഫ് etc സുഖവും സംതൃപ്തിയും നൽകുമെന്ന് തെറ്റിദ്ധരിച്ച്, അതിന് പിന്നാലെ പോയി വെറുതെ സമയവും, ആരോഗ്യവും, ധനവും പാഴാക്കുകയാണ് മനുഷ്യൻ. ഇത്തരം ലൗകിക ലഹരികൾ ഒരു തരം അടിമത്തവും, അഡിക്ഷനും, അരക്ഷിതത്വവും അരാജകത്വവും സൃഷ്ടിക്കുന്നു. യഥാർത്ഥ സന്തോഷവും, സമ്പൂർണ്ണ സുഖവും ലഭിക്കാതെ വീണ്ടും വീണ്ടും വേണമെന്ന ചിന്ത പോരായ്മയുടെ അതൃപ്തിയുളവാക്കുന്നു. സ്ഥിരമായി ചോക്ക്ളേറ്റ് കഴിക്കുന്ന കുട്ടികൾക്കാണ് അത് വീണ്ടും വീണ്ടും വേണമെന്ന് തോന്നുന്നത്. ഒരിക്കലും തികഞ്ഞു പറ്റാത്ത അവസ്ഥയുടെ താത്ക്കാലികം മാത്രമായ തൃപ്തിയുടെ കെട്ട് വിടുമ്പോൾ വീണ്ടും അതിനുവേണ്ടി തീവ്രമായി ആഗ്രഹിക്കുന്നു. ഈ ആഗ്രഹങ്ങൾ സമാധാനക്കേടായി മരണം വരെയും തുടരുന്നു. ആഗ്രഹങ്ങളും, ആസക്തികളും, സ്വാർത്ഥതയും, അസൂയയും വർദ്ധിക്കുമ്പോൾ ദുഖം, നിരാശ, അസംതൃപ്തി ഉണ്ടാകുന്നു. മോക്ഷത്തിനും, നിത്യജീവനുമായുള്ള അറിവിനും അനുഭവത്തിനുമായി പരിശ്രമിക്കുന്നതാണ് യഥാർത്ഥ സുഖം. പരസ്പര സ്നേഹത്തിന്റെ ശുദ്ധിയും (Agappe) പങ്കുവെയ്ക്കലും, ത്യാഗ മനോഭാവവും സംതൃപ്തി നൽകുന്നു.

ഭൗതിക ലക്ഷ്യങ്ങൾ/ആഗ്രഹങ്ങൾ എല്ലാം നേടിയെടുത്തിയിട്ട്, പ്രതികൂല സാഹചര്യങ്ങളെയെല്ലാം അതിജീവിച്ചിട്ട് സന്തോഷിക്കാമെന്ന് ചിലർ കരുതുന്നു. ചിലപ്പോൾ എല്ലാ പ്രശ്നങ്ങളും മാറുമ്പോഴേക്കും ജീവിതം അവസാനിക്കും. എത്ര മനോഹരമായ ജീവിതമാണ് താൻ നശിപ്പിച്ചു കളഞ്ഞതെന്ന് തിരിച്ചറിയുന്നത് അവസാന നിമിഷമാകാം. ഉള്ളതുകൊണ്ട് സംതൃപ്തി അനുഭവിച്ച്, പ്രശ്നങ്ങളെ ഭയപ്പെടാതെ ധൈര്യപൂർവ്വം നേരിടുക.

"ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവാനുള്ള ഒരു മനസ്സ് നിനക്കുണ്ടെങ്കിൽ, ഈ ലോകം മുഴുവൻ കയ്യിലുള്ളവനും നീയും തുല്യനത്രെ!!!" (ശ്രീകൃഷ്ണ സൂക്തം)

എന്തൊക്കെയോ ആയിത്തിരുവാനുള്ള യാന്ത്രികമായ വ്യഗ്രതയിലാണ് മനുഷ്യർ. അഹങ്കാരങ്ങളും, അത്യാഗ്രഹങ്ങളും, മത്സരബുദ്ധിയും, പകയും, മറ്റുള്ളവരുമായി താരതമ്യം ചെയ്യലും, ഭയങ്ങളും, ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠകളും, അമിതമായ ചിന്തകളും ആകുലതകളും അസന്തുഷ്ടിയും, അസംതൃപ്തിയും ഉണ്ടാക്കുന്നു. അപകർഷതാബോധം കൂടുന്തോറും സമൂഹത്തിൽ മാന്യമായ വില/സ്ഥാനം ലഭിക്കുമോ എന്നുള്ള ഭയവും ഉത്ക്കണ്ഠ വർദ്ധിക്കുമ്പോൾ ഉള്ളതിൽ അസംതൃപ്തിയുണ്ടായി/ഉള്ളതിലധികം മേന്മ/മേനി നടിച്ച് മറ്റുള്ളവരുടെ മുമ്പിൽ ആളാകാൻ ഭീരുക്കൾ ശ്രമിക്കുന്നു. ഇന്ന് ഓരോരുത്തരും വീടു വെയ്ക്കുന്നതും, കാറു വാങ്ങുന്നതുമൊക്കെ സ്വന്തം സാമ്പത്തിക ഭദ്രതയ്ക്കോ, ബഡ്ജറ്റിനോ അനുസരിച്ചല്ല. മറ്റുള്ളവർക്കെന്തു തോന്നും എന്ന ഭയത്തിൽ മറ്റുള്ളവരുടെ സ്നേഹവും, ആദരവും, ബഹുമതിയും പിടിച്ചുപറ്റാൻ മറ്റുള്ളവരുടെ മുമ്പിൽ 'ഷൈൻ' ചെയ്യാൻ 'മുന്തിയ ഇനങ്ങൾ' തിരഞ്ഞെടുത്ത് കടക്കെണിയിലായി ഉള്ള സമാധാനവും സന്തോഷവും നഷ്ടപ്പെടുത്തുന്നു. ഇപ്പോൾ അങ്ങനെയുള്ളവരെ നിയന്ത്രിക്കുന്നത് പത്രങ്ങളും, പരസ്യങ്ങളും, ചാനലുകളും, സിനിമകളും, നാട്ടുകാരുമൊക്കെയാണ്. പലപ്പോഴും നാം നമുക്ക് വേണ്ടിയല്ല, മറ്റുള്ളവർക്കുവേണ്ടിയാണ് നാം ജീവിക്കുന്നത്. ഇവിടെ താനായിരിക്കുന്ന അവസ്ഥയിൽ, പരിമിതമായ സാഹചര്യത്തിൽ സന്തോഷവും, സമാധാനവും സ്വസ്ഥതയും അനുഭവിക്കുന്നയാളാണ് ഏറ്റവും വലിയ സമ്പന്നനും, ആദരണീയനും. ഇല്ലാത്തത് ഉണ്ടെന്നു നടിക്കുന്നവൻ, അല്പൻ അർദ്ധരാത്രിയിൽ കുട പിടിക്കുന്നവനെന്നപോലെ ഭീരുവാണ്. മറ്റുള്ളവരുടെ കളിയാക്കലും, കുറ്റപ്പെടുത്തലും, അവജ്ഞയുമൊക്കെ ധീരതയോടെ നേരിടുന്നവനാണ് യഥാർത്ഥത്തിൽ ആത്മവിശ്വാസമുള്ള ആത്മീയൻ. അഹങ്കാരങ്ങളെ തൃപ്തിപ്പെടുത്താതെ ഇല്ലായ്മകൾ അംഗീകരിക്കുക. അഹങ്കാരങ്ങളോടു യുദ്ധം ചെയ്യുക. താൻ ആയിരിക്കുന്ന അവസ്ഥയിൽ തന്നെത്തന്നെ അംഗീകരിച്ച് വിനയ പൂർവ്വം സ്വയം സ്നേഹിച്ച് അംഗീകരിക്കുക (Self Love & Self Acceptance). ഇവിടെയാണ് യഥാർത്ഥ സംതൃപ്തി ഉദയം ചെയ്യുന്നത്. സ്വന്തം മന:സാക്ഷിയെ ബോധ്യപ്പെടുത്താൻ മാത്രം ജീവിക്കുന്നവനിൽ സംതൃപ്തി നിറയുന്നു. മറ്റുള്ളവരെ ബോധ്യപ്പെടു

ത്താൻ ജീവിക്കരുത്. അവരുടെ ആദരവിനായി ഇല്ലാത്തതു ണ്ടാക്കി ജീവിതം ഹോമിച്ചാൽ അസംതൃപ്തിയും, അരക്ഷി തത്വവും, അരാജകത്വവുമായിരിക്കും ഫലം.

മനുഷ്യമനസ്സ് സമ്പത്തും നേട്ടങ്ങളും പുതുമയും ആഗ്ര ഹിക്കുന്നു. പുതിയ ട്രെൻഡുകൾ സ്വന്തമാക്കി ആളുകളുടെ മുമ്പിൽ ആളാകാൻ പലരും നഷ്ടവും കടവും വരുത്തി വെയ്ക്കുന്നു. നമ്മുടെ സംതൃപ്തിയും, ആനന്ദവും ആണ് നമ്മുടെ മുതൽക്കൂട്ട്. ലോണെടുത്ത് ജീവിത സൗകര്യം മെച്ച പ്പെടുത്തുവാൻ ശ്രമിക്കുന്ന പലരും കഴുതയെപ്പോലെ ചുമ ടെടുത്തു, പണി ചെയ്തു തളർന്ന് ജീവിതാവസാനംവരെ ദുരിതമനുഭവിക്കുന്നു. ജീവിതം ആനന്ദിക്കുവാനുള്ളതാണ്. ആനന്ദിക്കേണ്ട വിലപ്പെട്ട സമയം വെറുതെ ദുരിതപൂർണ്ണമാ ക്കരുത്. പക്ഷികളെയും മൃഗങ്ങളെയുംപോലെ നാളെയെക്കു റിച്ചോർത്ത് വിചാരപ്പെടാതെ ഉത്കണ്ഠകളൊഴിവാക്കി ജീവി ക്കുവാൻ യേശുദേവൻ മത്തായി 6:25–34–ൽ പറഞ്ഞിരി ക്കുന്നു. കാക്കകൾ, പറവകൾ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ഒന്നും ശേഖരിക്കുന്നില്ല. എങ്കിലും അന്നന്നുള്ള ആഹാരം നൽകി ദൈവം അവയെ പോറ്റിപ്പുലർത്തുന്നു. പട്ടി ക്കും, പൂച്ചയ്ക്കും, പറവയ്ക്കുമൊന്നും വീടില്ല, ബാങ്ക് ബാലൻസില്ല. നാളെയെക്കുറിച്ചോർത്തു ഭാരപ്പെടാതെ ഉള്ളതു കഴിച്ചവർ സംതൃപ്തരായി ജീവിതം ആസ്വദിക്കുന്നു. കൊച്ചുകുട്ടികളും അതുപോലെ ആണ്. അവർക്ക് വിഷാദ മില്ല, ഉത്കണ്ഠകളില്ല, അതൃപ്തിയില്ല. അന്നന്നത്തെ ജീവി തത്തിൽ കൊച്ചു കൊച്ചു സന്തോഷങ്ങൾ കണ്ടെത്തി ആസ്വ ദിച്ചു, തൃപ്തരായി സമാധാനത്തോടെ ജീവിക്കുന്നു. പൂച്ചയും പട്ടിയും, ലക്ഷ്വറി വീടുകളിലല്ല, വഴിയോരത്തും മഴയത്തും, വെയിലത്തും സുഖമായുറങ്ങുന്നു. ആനന്ദവും സംതൃ പ്തിയും ഭൗതികമായ സുഖങ്ങളോ ലക്ഷ്വറി ഉല്പന്നങ്ങളോ അല്ല. ആത്മാവിന്റെ സമ്പന്നതയാണ്.

നല്ല വിദ്യാഭ്യാസം, ജോലി, വീട്, കാറ്, കെട്ടിടങ്ങൾ, വസ്തുവകകൾ, പണം തുടങ്ങി ലൗകികമായതൊന്നും യഥാർത്ഥ സംതൃപ്തി നൽകുന്നതല്ല. അവനവന്റെ ഉള്ളിന്റെ ഉള്ളിലെ ആത്മനിറവിന്റെ ആനന്ദമാണ് യഥാർത്ഥ സംതൃ പ്തിയുടെ താക്കോൽ. ആനന്ദം തേടി ഉലകം മുഴുവൻ പരതി നടക്കുന്നവർക്ക് അതു ലഭിക്കുന്നില്ല. പുറമെയുള്ളതെന്തു കിട്ടിയാലും, ഈ ലോകം മുഴുവൻ തീറെഴുതിത്തന്നാലും വീണ്ടും വീണ്ടും മനുഷ്യമനസ്സ് എന്തിനോ വേണ്ടി അന്വേ ഷിച്ചു തളരുന്നു. ഭൂമി മുഴുവൻ സ്വന്തമായി കിട്ടിയാലും, മറ്റു ഗ്രഹങ്ങൾ സ്വന്തമാക്കുവാൻ മനസ്സിന്റെ ആർത്തിയടങ്ങാതെ മനുഷ്യൻ പരിശ്രമിക്കും. മനസിനെ സംതൃപ്തമാക്കുവാൻ പവിത്രമായ ആത്മാവിനു മാത്രമെ കഴിയൂ. ആരും ആരെ ക്കാളും ഉയർന്നവരുമല്ല, താഴ്ന്നവരുമല്ല. ഓരോ വ്യക്തിയും അതുല്യരാണ്, അമൂല്യരാണ്. വ്യത്യസ്തരാകുവാനും, ഉയ രുവാനും ശ്രമിക്കുന്നത് അഹങ്കാരവും അപകർഷതാ ബോധവും ദുരാഗ്രഹവും ഉള്ളവരാണ്. എളിമയാണ് സ്വസ്ഥ തയുടെയും, സംതൃപ്തിയുടെയും മാനദണ്ഡം. ഉള്ളിലെ പവിത്രത, നിഷ്കളങ്കത കൂടുതൽ സംതൃപ്തി നൽകുന്നു. ശ്രദ്ധാ പൂർണ്ണത (Mind fullness) സംതൃപ്തി നൽകുന്നു. അദ്വൈത മനോഭാവം, തന്നെപ്പോലെ തന്നെ മറ്റുള്ളവരെയും പ്രപഞ്ചത്തെയും കാണുന്നത് സംതൃപ്തി നൽകുന്നു. ഉള്ളിൽ ദൈവരാജ്യം ഉണർത്തുന്നത് സംതൃപ്തി നൽകുന്നു. ദൈവ രാജ്യം എന്നത് നീതിയും സമാധാനവും പരിശുദ്ധാത്മാവി ലുള്ള സന്തോഷവുമാണ്. ഉള്ളിലെ പരിശുദ്ധാത്മാവിനെ ഉണർത്തി സന്തോഷിക്കുവാൻ, ദൈവത്തെ കണ്ടെത്തി ശക്തിപ്പെടുവാൻ നിരന്തരം മടുത്തുപോകാതെ ക്ഷമയോടെ ധ്യാനിച്ചു പ്രാർത്ഥിക്കണം. ആത്മ നിഷ്ഠയോടെ ഒരുക്കമു ള്ളവരായി ദൈവരാജ്യാനുഭവം സ്വന്തമാക്കണം.

പാപം സന്തോഷവും, സമാധാനവും, സംതൃപ്തിയും ചോർത്തിക്കളയുന്നു. വിശുദ്ധി ജീവിതത്തിൽ സംതൃപ്തി നിറയ്ക്കുന്നു. പുണ്യ പ്രവർത്തികൾ ഉള്ളത്തെ ആത്മീയ സംതൃപ്തിയിൽ നിറയ്ക്കുന്നു.

“ഒരിക്കൽ ഒരു ജ്ഞാനി തന്റെ മകനെ ഉപദേശിച്ചു കൊണ്ടു പറഞ്ഞു.

‘മകനെ, ഈ മുന്നു കാര്യങ്ങൾ ചെയ്യാൻ നീ ഒരിക്കലും മറക്കില്ലെന്ന് ഉറപ്പാക്കുക.

1. ഏറ്റവും രുചികരമായ ഭക്ഷണം കഴിക്കുവാൻ
2. ഏറ്റവും സുഖപ്രദമായ കിടക്കയിൽ ഉറങ്ങുവാൻ.
3. ഏറ്റവും മികച്ച വസതിയിൽ താമസിക്കുവാൻ

അദ്ദേഹത്തിന്റെ മകൻ മറുപടി പറഞ്ഞു ‘നമ്മൾ ദരിദ്രരാ ണെന്ന് താങ്കൾക്ക് അറിയാമല്ലോ, അപ്പോൾ എനിക്ക് എങ്ങനെ ഇതൊക്കെ ചെയ്യാൻ കഴിയും.”

പിതാവ് മറുപടി പറഞ്ഞു.

1. നീ ശരിക്കും വിശക്കുമ്പോൾ മാത്രം കഴിക്കുകയാണെ ങ്കിൽ അത് ഏറ്റവും രുചികരമായ ഭക്ഷണം ആയിരിക്കും.

2. നീ സത്യസന്ധമായും, ആത്മാർത്ഥതയോടെയും കഠി നാദ്ധ്വാനം ചെയ്ത് ക്ഷീണിതനായി കിടന്നാൽ നീ ഏറ്റവും സുഖപ്രദമായ കിടക്കയിൽ ഉറങ്ങും.

3. നീ എല്ലാവരോടും മര്യാദ പാലിക്കുകയും, അവരോട് മാന്യതയോടും ആദരവോടും കൂടെ പെരുമാറുകയും ചെയ്താൽ നീ അവരുടെ ഹൃദയത്തിൽ വസിക്കും. അതാണ് ഏറ്റവും മികച്ച വസതി.

സാഹചര്യം എന്തുമാകട്ടെ അനുകൂലമോ, പ്രതികൂലമോ ആകട്ടെ. സമ്പന്നതയോ ദാരിദ്ര്യമോ, ജ്ഞാനമോ, അജ്ഞാ നമോ, നേട്ടമോ കോട്ടമോ, ഉള്ളതോ, ഇല്ലായ്മയോ, കഷ്ട കാലമോ, നല്ലകാലമോ, സുഖദു:ഖങ്ങളോ ഒന്നും തന്നെ സംതൃപ്തിയുടെ മാനദണ്ഡമല്ല. ഏതവസ്ഥയിലായിരു ന്നാലും ഉള്ളിലെ പരിശുദ്ധാത്മ ബോധ്യവും, ആത്മനിറവും, ശുദ്ധ ബോധവുമാണ് താനായിരിക്കുന്ന അവസ്ഥയിൽ തന്നെ ത്തന്നെ സ്വീകരിക്കുന്ന, ഉൾക്കൊള്ളുന്ന ആസ്വദിക്കുന്ന സംതൃപ്തിയുടെ മാനദണ്ഡം.

# മതി വരാത്ത അഴിമതി

## 17–ാം പേജ് തുടർച്ച

ലയും കൈയ്യിൽ വിലങ്ങുമായി കോടതി വരാന്തകളിൽ കയറി ഇറങ്ങുന്നു. ഇതു കാണുമ്പോൾ ക്രൈസ്തവമൂല്യ ങ്ങളും യേശുക്രിസ്തുവിന്റെ ‘‘നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക” എന്ന വിഖ്യാതമായ സന്ദേ ശവും ഉപദേശവും ചവിട്ടിമെതിക്കപ്പെടുന്നതായി തോന്നുന്നു. സഭയുടെ ആത്മീയ-ലൗകിക താക്കോൽ സ്ഥാനത്തിരിക്കു ന്നവർ ജാഗ്രതയോടെ സംശയത്തിനതീതരായി പെരുമാറേ ണ്ടതാണ്. ‘നീതിക്കുവേണ്ടി വിശന്നു ദാഹിക്കുമ്പോൾ ഭാഗ്യ വാന്മാർ, അവർക്കു തൃപ്തി വരും’ എന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നുവല്ലോ. നീതിപീഠം കാര്യക്ഷമമായി പ്രവർത്തിച്ചും അഴിമതിക്കെതിരെ പൊതുജനങ്ങൾ ബോധ വാന്മാരായും നമ്മുടെ സമൂഹത്തിൽ ദരിദ്രരുടെയും സമ്പ ന്നരുടെയും അന്തരം കുറച്ചു കൊണ്ടുവരാൻ സാധിക്കട്ടെ.

# ഏവൻഗേലിയോൻ ദീപം



ഫാ. ജിബിൻ പെരുംകണ്ണാലിൽ

**1. സ്ക്കറിയായോടുള്ള അറിയിപ്പിന്റെ ഞായർ**

**ലൂക്കോ. 1:5-25**

പരി. സഭയിൽ കൂദേശ് ഈത്തോ പെരുന്നാളിനുശേഷം വരുന്ന ആദ്യത്തെ മോറാനായ പെരുന്നാൾ യൽദോ (ജനന പ്പെരുന്നാൾ) ആണ്. അതിന് മുന്നോടിയായി 25 ദിവസങ്ങൾ നോമ്പ് അനുഷ്ഠിക്കുകയും, ക്രിസ്തുവിന്റെ ജനനത്തിനു മുന്നോടിയായി സംഭവിച്ച വേദപുസ്തക ചരിത്രങ്ങളെ ധ്യാനി ക്കുകയും ചെയ്യുവാൻ സഭ ക്രമീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗ മായിട്ടാണ് ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ചകളിൽ ക്രിസ്തുവിന് മുന്നോടിയായി സംഭവിച്ച കാര്യങ്ങൾ ധ്യാനി ക്കുവാൻ ഏവൻഗേലിയോനായി ക്രമീകരിച്ചിരിക്കുന്നത്. കർത്താവിന് വഴി ഒരുക്കുവാനായി വന്ന യോഹന്നാൻ സ്നാപകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് അദ്ദേഹ ത്തിന്റെ പിതാവായ സ്ക്കറിയാ പുരോഹിതന് നൽകുന്നത്. വി. ലൂക്കോ. 1:5-25 ഭാഗത്തു കാണുന്നു.

അഹറോന്റെ പിൻമുറക്കാരെല്ലാവരും പുരോഹിതന്മാരാ യിരുന്നു. അവരെ 24 വകുപ്പുകളായി തിരിക്കുകയും അവ യിൽ 8-ാമത്തെ വകുപ്പായിരുന്നു അബിയായുടേത്. ഈ അബിയാ കുടുംബത്തിൽ തന്നെപെട്ട സഖറിയാവും, പുരോ ഹിതകുടുംബത്തിൽപ്പെട്ട ഏലിശ്ബായും നീതിയുള്ള ദമ്പതികളായിരുന്നു എന്ന് 6,7 വാക്യങ്ങളിൽ കാണുന്നു. പക്ഷേ ഒരു കുറവ് അവർക്ക് ഉണ്ടായിരുന്നു. അത് മക്കളില്ല എന്നുള്ളതായിരുന്നു. യഹൂദന്മാരെ സംബന്ധിച്ച് അത് ഒരു വലിയ കുറവ് തന്നെയായിരുന്നു. ദൈവശാപമാണ് മക്ക ളില്ലായ്മ എന്ന് അവർ ചിന്തിച്ചിരുന്നു. അതിനാൽ തന്നെ ഈ ദമ്പതികൾ വലിയ ദു:ഖത്തിൽ ആയിരുന്നു. പുറപ്പാട് പുസ്തകം 30:7 മുതലുള്ള ഭാഗത്ത് ബലിപീഠത്തിൽ സുഗ ന്ധധൂപം അണയ്ക്കേണ്ടത് വിവരിച്ചിരിക്കുന്ന പ്രകാരം തെര ഞ്ഞെടുക്കപ്പെട്ട സ്ക്കറിയാ പുരോഹിതൻ ശുശ്രൂഷ അനു ഷ്ഠിക്കുവാൻ കയറുമ്പോഴാണ് അവന് മകനുണ്ടാകും എന്ന ദർശനം ഗബ്രിയേൽ മാലാഖ മുഖാന്തിരം ലഭിക്കുന്നത്. സകല പ്രതീക്ഷകളും നഷ്ടപ്പെട്ട സമയത്താണ് ഇവിടെ ദൈവീക ഇടപെടൽ ഉണ്ടാകുന്നത്. കാരണം മാനുഷികമായി ചിന്തിച്ചാൽ ഒരു മനുഷ്യന്റെ ശാരീരികമായി മക്കളുണ്ടാകു വാൻ സഹായിക്കുന്ന ഘടകങ്ങളും, അതിന്റെ പ്രായവും കട ന്നുപോയാൽ പിന്നെ കുഞ്ഞുങ്ങൾ ഉണ്ടാകുന്നത് അപ്രാപ്യ മാണ്. അതാണ് സക്കറിയ ചോദിക്കുന്നത് ഞങ്ങൾ വൃദ്ധ രല്ലേ എന്ന്. വേദപുസ്തകം ഉടനീളം ഈ ഒരു പ്രവർത്തനം നമുക്ക് കാണാൻ സാധിക്കും. മനുഷ്യന്റെ പ്രതീക്ഷ നഷ്ട പ്പെടുന്നിടത്ത് ദൈവം പ്രവർത്തിക്കുന്നു. നമ്മൾ ഏത് പ്രതി കൂലതകളിലൂടെ കടന്നുപോയാലും, എല്ലാം നശിച്ചു, എല്ലാം തീർന്നു എന്ന് വിചാരിച്ചാലും ദൈവം മനസ്സുവച്ചാൽ ഏതു കാര്യവും സാധ്യവും, ലഭ്യവും ആകും എന്ന് നാം മനസിലാ ക്കണം. പക്ഷേ ഒറ്റക്കാര്യം മാത്രമേയുള്ളു സഖറിയായെയും, ഏലിശ്ബായെയുംപോലെ നാമും നീതിയുള്ളവരും, പ്രമാ ണപ്രകാരം കുറ്റമറ്റവരും ആയിരിക്കണം. നമ്മുടെ ജീവിത ത്തിലും അനീതി പ്രവർത്തിക്കാതെയും ദൈവകല്പനകളെ തള്ളിക്കളയാതെയുമാണ് നാം ജീവിക്കുന്നത് എങ്കിൽ ഒരി ക്കലും നമുക്ക് ദൈവമുമ്പാകെ ലജ്ജിക്കുവാനോ മനുഷ്യന്റെ പരിഹാസപാത്രമായി തീരുവാനോ ഇടയാകുകയില്ല. ദൈവം കൃത്യസമയത്ത് നമ്മെ താങ്ങുകയും, കടാക്ഷിക്കുകയും ചെയ്യും എന്ന് ഈ വേദഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നു.

**2. ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ**

**ലൂക്കോ. 1:26-38**

നസ്രത്തിൽ കന്യകമറിയാമിന്റെ അടുക്കലേക്ക് ഗബ്രി യേൽ മാലാഖ കടന്നുവന്ന് മംഗളവാർത്ത അറിയിക്കുന്ന തിന്റെ ഓർമ്മയാണ് ഈ ദിവസം ജനനപ്പെരുന്നാളിനു മുമ്പും, മാർച്ച് മാസം 25-ാം തീയതിയും ഈ അറിയിപ്പ് നാം സ്മരി ക്കാറുണ്ട്. ബേത്‌ലഹേമിൽ കർത്താവ് ശാരീരികമായി പിറന്നു എങ്കിൽ ഇവിടെ നസ്രത്തിൽ കന്യകമറിയാമിന്റെ കാതിലൂടെ വചനമാം ദൈവം അവളുടെ ഉദരത്തിൽ ഉരുവാ യത് ഈ സന്ദേശപ്രഖ്യാപനത്തിലായിരുന്നു. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം വിവാഹത്തെപ്പോലെ തന്നെ ഉറപ്പുള്ള കരാറാണ് വിവാഹ നിശ്ചയം. അത് വേർപെടുത്താൻ ഔദ്യോ ഗിക മാർഗം തന്നെ അവലംബിക്കണം. എന്നാൽ വിവാഹ ത്തിന് മുമ്പ് ഗർഭിണിയാകുന്നത് കല്ലെറിഞ്ഞ് കൊല്ലപ്പെടേണ്ട പാപവും ആണ്. ഇവിടെ ദാവീദ് വംശജനായ യൗസേഫിന് വിവാഹം നിശ്ചയിച്ചിരുന്ന കന്യക മറിയാം ദൈവവചനത്തെ സ്വീകരിച്ച് ഗർഭിണിയാകാൻ തയ്യാറാകുമ്പോൾ എത്ര വലിയ അപകടകരമായ തീരുമാനമായിരുന്നു മാതാവ് കൈക്കൊണ്ടത് എന്ന് നാം ചിന്തിക്കണം.

ഇവിടെ ദൂതൻ വന്ന് പറയുന്നു "കൃപ നിറഞ്ഞവളെ നിനക്ക് സമാധാനം" നാം എപ്പോഴും കൗമ്മാ പ്രാർത്ഥന യോട് ചേർത്ത് ഇത് ചൊല്ലാറുണ്ട്. പക്ഷേ ഈ ഒരു സംഭവ ത്തിലൂടെ എന്ത് കൃപയും, എന്ത് സമാധാനവും ആയിരുന്നു കന്യക മറിയാമിന് ലഭിച്ചത് എന്ന് നാം ഒന്ന് ചിന്തിക്കണം. ഇന്ന് നമ്മൾ പറയുന്ന യാതൊരു ദൈവകൃപയും അല്ലെങ്കിൽ ദൈവാനുഗ്രഹവും, സമാധാനവും നമുക്ക് മാതാവിൽ കാണാൻ സാധിക്കുന്നില്ല. ഇന്ന് നാം ചിന്തിക്കുന്ന കൃപയും സമാധാനവും, യാതൊരു അലച്ചിലും, കഷ്ടപ്പാടും ഇല്ലാത്ത ജീവിതവും അതുപോലെ സമ്പൽ സമൃദ്ധവുമായ ജീവിത വുമാണ്. പക്ഷേ ഇതൊന്നും കന്യക മറിയാമിന് ലഭിച്ചില്ല. പിന്നെ അമ്മയ്ക്ക് ലഭിച്ച ദൈവകൃപ എന്ത് എന്ന് ചോദി ച്ചാൽ കഷ്ടപ്പാടിലും, കണ്ണുനീരിലും, പ്രയാസത്തിലും, പ്രതി സന്ധിയിലും ദൈവത്തോട് പരാതി ഇല്ലാതെ, പിറുപിറു

ക്കാതെ, ദൈവത്തോട് മറുതലിക്കാതെ സംതൃപ്തിയോടെ ജീവിക്കാൻ സാധിച്ചു എന്നുള്ളതായിരുന്നു. മാതാവിന്റെ ജീവിതം കാണിച്ചു തരുന്ന വലിയ ദൈവകൃപയും, സമാധാനവും ഈ പിറുപിറുപ്പില്ലാത്ത, സംതൃപ്തിയോടെയുള്ള ജീവിതമാണ്. അത് അമ്മയ്ക്ക് സാധ്യമായത് സ്വർഗ്ഗം കൊടുത്ത ഒരു വലിയ ഉറപ്പിന്മേൽ ആയിരുന്നു. 28-ാം വാക്യത്തിൽ "ഞങ്ങളുടെ കർത്താവ് നിന്റെ കൂടെയുണ്ട്. ഈ ഒരു ഉറപ്പ് നമ്മുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ ഏത് പ്രതിസന്ധിയും അഭിമുഖീകരിക്കാൻ നമുക്ക് സാധ്യമായിത്തീരും. കർത്താവ് പലപ്രാവശ്യം ഇത് നമ്മോട് ഓർമ്മപ്പെടുത്തിയിട്ടുണ്ട്. "ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെ ഉണ്ട്." ഈ വചനത്തെ ധ്യാനിക്കുകയും, അതിനെ വഹിക്കുകയും ചെയ്താൽ നമുക്കും കന്യക മറിയാമിനെപ്പോലെ കൃപ നിറഞ്ഞവരായും, സമാധാനം അനുഭവിക്കുന്നവരും, സമാധാനം നൽകുന്നവരും ആയി ജീവിക്കുവാൻ സാധ്യമാകും എന്ന് ഈ വചനഭാഗത്തുകൂടി മനസ്സിലാക്കാം.

**3. ഏലിശ്ബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്ര**
**ലൂക്കോ. 1:39–56**

ഈ വേദഭാഗത്ത് കന്യകമറിയാം തന്റെ ഗർഭധാരണത്തിന് തെളിവായി ഗബ്രിയേൽ മാലാഖ പറഞ്ഞ ഏലിശ്ബായുടെ ഗർഭധാരണത്തെ അറിയുവാനായും, അവളെ ശുശ്രൂഷിക്കുവാനായും യഹൂദ്യമലനാട്ടിലേക്ക് കടന്ന് ചെല്ലുകയും അവിടെ അവളെ സന്ദർശിക്കുകയും, വളരെ വിപ്ലവാത്മകമായ ഒരു ഗീതം ആലപിക്കുകയും ചെയ്യുന്നത് നാം കാണുന്നു.

ഗർഭിണിയായ കന്യക മറിയാം തന്റെ ചാർച്ചക്കാരിയായ ഏലിശ്ബായുടെ സഹായത്തിനായി ബഹുദൂരം കുന്നും, മലയും താണ്ടി അവളുടെ അടുക്കൽ എത്തുമ്പോൾ മറിയാമിന്റെ സമാധാനം കേട്ട് ഉദരത്തിൽ യൂഹാനോൻ മാംദോനോ തുള്ളിച്ചാടുകയാണ്. ഉടനെ ഏലിശ്ബാ പരി. റൂഹായുടെ നിറവിൽ പറയുന്നു "സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ.... എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള ഭാഗ്യം എനിക്ക് എവിടെ നിന്ന് (1:42-43). ഇവിടെ നാം വ്യക്തമായി മനസിലാക്കണം ഏലിശ്ബായല്ല ഇത് പറയുന്നത് മറിച്ച് അവളുടെ ഉള്ളിൽ നിറഞ്ഞുനിന്ന പരി. റൂഹായാണ്. പരിശുദ്ധാത്മനിറവിലാണ് അവൾ കന്യക മറിയാമിനെ ദൈവമാതാവ് എന്ന് അഭിസംബോധന ചെയ്യുന്നത്.

ഇന്ന് പല നവീന ക്രിസ്തീയ സമൂഹങ്ങളും മാതാവിനെ ബഹുമാനിക്കേണ്ട ആവശ്യമില്ല എന്ന് പറയുമ്പോഴും, ആദിമ കാലത്ത് തന്നെ 'ദൈവമാതാവ്' എന്ന് വിളിക്കേണ്ട, ക്രിസ്തുവിന്റെ അമ്മ എന്ന് വിളിച്ചാൽ മതി എന്ന വേദവിപരീതവും ഒക്കെ ഉരുത്തിരിഞ്ഞു വന്നപ്പോഴും സഭ ഉയർത്തി കാണിക്കുന്നു, പരി. റൂഹാ അവളെ 'ദൈവമാതാവ്' എന്ന് വിളിക്കുന്നതായി. അതിനാൽ പരിശുദ്ധാത്മ നിറവുള്ളവർക്ക് മാത്രമെ അമ്മയുടെ മാഹാത്മ്യത്തെ തിരിച്ചറിയുവാനും കന്യകമറിയാമിനെ ദൈവമാതാവ് എന്ന് അഭിസംബോധന ചെയ്യുവാനും സാധിക്കുകയുള്ളൂ.

ഇതിന്റെ 46-ാം വാക്യം മുതൽ കന്യകമറിയാമിന്റെ പാട്ട് (മാഗ്നിഫിക്കാത്ത്) നാം കാണുന്നു. ഇത് ഒരു വിപ്ലവ ഗീതമാണ്. അന്നുവരെ നിലനിന്നിരുന്ന സാമൂഹിക വ്യവസ്ഥിതിയെ കീഴ്മേൽ മറിക്കുവാൻ കഴിവുള്ളവനായ ഒരുവനാണ് താൻ ജന്മം കൊടുക്കുവാൻ പോകുന്നത് എന്ന വിപ്ലവ വ്യാഖ്യാനം. അഹങ്കാരികളെ ചിതറിക്കുകയും സിംഹാസനത്തിൽ ഇരിക്കുന്നവരെ താഴെ ഇറക്കുകയും, താഴ്ന്നവരെ ഉയർത്തുകയും, സമ്പന്നന്മാരെ വ്യർത്ഥമായി അയച്ചുകളകയും ചെയ്യുന്ന ഒരു മാറ്റം ഉണ്ടാകും എന്ന് പ്രഖ്യാപിക്കുകയാണ്.

ക്രിസ്തു ഒരുവന്റെ ജീവിതത്തിലേക്ക് വരുമ്പോൾ ഉണ്ടാകുന്ന വിപ്ലവാത്മകമായ മാറ്റങ്ങളെ ആണ് ഈ പാട്ടിൽ നാം കാണുന്നത്. അഹങ്കാര മനോഭാവം ഇല്ലാത്ത, താഴ്ന്നവരെയും ഉയർന്നവരെയും ഒരുപോലെ കാണാൻ സാധിക്കുന്ന ഒരു മനോഭാവമാണ് അത് എന്ന് ഈ ഭാഗത്തിലൂടെ നാം മനസിലാക്കുന്നത്.

**4. യോഹന്നാൻ സ്നാപകന്റെ ജനനം**
**ലൂക്കോ. 1:57–80**

കർത്താവിനു വഴി ഒരുക്കുവനായി കടന്നുവന്ന മോർ യൂഹാനോൻ മാംദോനോയുടെ ജനനവും, സഖറിയ പുരോഹിതന്റെ ഗീതവുമാണ് ഈ ഭാഗത്ത് കാണുന്നത്. ഇവിടെ ആദ്യ ഭാഗത്ത് ഏലിസബേത്ത് പ്രസവിച്ച് 8-ാം ദിവസം കുഞ്ഞിന് ചേലാകർമ്മം നിർവ്വഹിക്കുവാൻ കടന്നുവന്നപ്പാൾ അവിടെ ഒരു തർക്കം ഉടലെടുക്കുകയാണ്. കുഞ്ഞിന്റെ പേരിടീലുമായി ബന്ധപ്പെട്ട് ഏലിസബേത്ത് അവന് 'യോഹന്നാൻ' എന്ന് പേര് വിളിക്കണം എന്ന് ആവശ്യപ്പെടുമ്പോൾ കൂടി വന്ന ബന്ധുക്കൾ 'സ്ക്കറിയാ' എന്ന് വിളിക്കണം എന്ന് പാരമ്പര്യമായി ചൂണ്ടിക്കാട്ടുകയാണ്. ഇവിടെ സ്ക്കറിയാ പുരോഹിതൻ എഴുത്ത് പലകയിൽ യോഹന്നാൻ എന്ന് എഴുതുകയും, പറയുകയും ചെയ്യുന്നു.

ഇവിടെ കൂടിനിന്ന ഒരു സമൂഹം മുഴുവൻ ഒരു അഭിപ്രായം പറയുമ്പോൾ ഒരു ദമ്പതികൾ അവരുടെ തീരുമാനത്തിൽ യോജിച്ച് ഉറച്ച് നിൽക്കുന്നു. ദൈവദൂതൻ നൽകിയ പേരാണ് തന്റെ കുഞ്ഞിന് ഇടുവാൻ അവർ ഉറപ്പിച്ച് പറഞ്ഞത്. ഈ ദമ്പതികൾ ഒരു വലിയ മാതൃകയാണ്. സമൂഹം നമ്മുടെ കുടുംബത്തിൽ എങ്ങനെയൊക്കെ ഇടപെട്ടാലും ഭാര്യാ ഭർത്താക്കന്മാർ തമ്മിൽ അഭിപ്രായ ഐക്യം ഉണ്ടെങ്കിൽ നമുക്ക് പുറമേ നിന്നുള്ള ഏത് പ്രതികൂലതകളെയും അതിജീവിക്കാം. അതാണ് കർത്താവ് പറഞ്ഞത്-തന്നിൽതന്നെ ഛിദ്രിക്കുന്ന കുടുംബങ്ങളാണ് നശിച്ചുപോകുന്നത് അല്ലാതെ പുറമെ നിന്ന് ആർക്കും നമ്മെ നശിപ്പിക്കാൻ സാധ്യമല്ല. കുടുംബത്തിൽ ഐക്യത്തോടെ ജീവിക്കുവാനും, ജീവിത പങ്കാളികളുടെ അഭിപ്രായത്തിന് വില കല്പിക്കുവാനും സാധിക്കണം. 67-ാം വാക്യം മുതൽ സ്ക്കറിയാ പുരോഹിതന്റെ പാട്ട് നാം കാണുന്നു. ദൈവത്തെ മഹത്വപ്പെടുത്തുകയും അതുപോലെ തന്റെ കുഞ്ഞിനെക്കുറിച്ചുള്ള ഒരു പിതാവിന്റെ സ്വപ്നവും ഈ ഭാഗത്ത് കാണുന്നു. 76-ാം വാക്യത്തിൽ കാണുന്നു "നീയോ പൈതലേ, അത്യുന്നതന്റെ പ്രവാചകൻ എന്ന് വിളിക്കപ്പെടും". ഒരു അപ്പൻ തന്റെ മകനെക്കുറിച്ച് കാണുന്ന സ്വപ്നമാണത്. നീ ദൈവത്തിന് കൊള്ളാവുന്നതായി തീരണം എന്ന്. നാമും മക്കളെക്കുറിച്ച് സ്വപ്നം കാണുന്ന മാതാപിതാക്കളാണ്. നാം എത്ര പേർ ഇങ്ങനെ ഒരു സ്വപ്നം കാണുന്നുണ്ട്. കുട്ടികളെ വലിയ വിദ്യാസമ്പന്നരാക്കാനും, ജോലി ലഭിക്കാനും സമ്പന്നരാക്കാനും മാത്രം സ്വപ്നം കാണുകയും, പരിശീലിപ്പിക്കുകയും ചെയ്യുമ്പോഴാണ് പലപ്പോഴും കുഞ്ഞുങ്ങൾ നഷ്ടപ്പെട്ട് പോകുന്നത്. ദൈവ വഴിയിലൂടെ എന്റെ മക്കൾ സഞ്ചരിക്കണം എന്ന് മാതാപിതാക്കൾ ആദ്യം സ്വപ്നം കാണണം അപ്പോൾ മക്കൾ ദൈവീകരാകുകയും നല്ല ഭാവി അവർക്ക് ലഭ്യമാകുകയും ചെയ്യും.

**5. യൗസേഫിനോടുള്ള വെളിപാടിന്റെ ഞായർ മത്താ. 1:18–25**

നീതിമാനായ യൗസേഫിന് സ്വർഗ്ഗത്തിൽ നിന്ന് മാലാഖയുടെ ദർശനം ലഭിക്കുകയും, അവൻ തനിക്ക് വിവാഹം നിശ്ചയിക്കപ്പെട്ടിരുന്ന കന്യക മറിയാമിനെ ചേർത്ത് കൊള്ളുകയും ചെയ്യുന്ന സംഭവമാണ് ഈ വേദഭാഗത്ത് കാണുന്നത്. യേശുവിന്റെ വംശാവലി പറഞ്ഞതിനുശേഷമാണ് സുവിശേഷകൻ ഈ സംഭവം എഴുതുന്നത്. ക്രിസ്തു ഒരു സാങ്കല്പിക കഥയല്ല മറിച്ച് ഒരു ചരിത്ര സത്യവും, ചരിത്ര പുരുഷനും ആയിരുന്നു എന്നത് കാണിക്കാനാണ് സുവിശേഷകൻ വംശാവലിയും, ഈ സംഭവങ്ങളും ഒക്കെ വരച്ച് കാട്ടുന്നത്.

ഇവിടെ യൗസേഫ് ഒരു വലിയ പ്രതിസന്ധിയുടെ മുമ്പിൽ നിൽക്കുകയാണ്. തനിക്ക് വിവാഹം നിശ്ചയിക്കപ്പെട്ടിരിക്കുന്ന പെൺകുട്ടി ഗർഭിണി ആയിരിക്കുകയാണ്, താൻ എന്തുചെയ്യും. സമൂഹത്തിന് മുമ്പിലേക്ക് എറിഞ്ഞ് കൊടുത്ത് അവളെ കൊല്ലുവാൻ മനസ്സ് വരാത്തതിനാൽ അവളെ രഹസ്യത്തിൽ ഉപേക്ഷിക്കുവാൻ ശ്രമിക്കുകയാണ്. ഈ സമയത്താണ് ദൂതൻ സ്വപ്നത്തിൽ വന്ന് അവന് സംശയ നിവാരണം നടത്തുന്നത്. ഇവിടെ യൗസേഫിന് കൊടുക്കുന്ന ഒരു വിശേഷണം എന്നത് അവൻ നീതിമാനായിരുന്നു എന്നതാണ്. തന്നോട് ചേർന്ന് നിൽക്കുന്നവരെ വേദനിപ്പിക്കാതെ ഇരിക്കുകയും, പരിഹാസത്തിന് വിട്ട് കൊടുക്കാതെയും ചേർത്ത് പിടിക്കുന്നതാണ് യഥാർത്ഥ നീതി എന്നത്. ഇവിടെ യൗസേഫ് അത് തന്നെയാണ് കാണിച്ചു തരുന്നത്. നമ്മോടൊപ്പം ജീവിക്കുന്നവരുടെ ബുദ്ധിമുട്ടുകളെ മനസിലാക്കുവാനും, അവരെ കരുതുവാനും, അവരോടൊത്ത് സമയം പങ്കിടാനും ഒക്കെ നാം ശ്രമിക്കുമ്പോൾ നമ്മളും നീതിമാന്മാരായി തീരും. അവിടെയാണ് ഒരു പ്രതിസന്ധിയുടെ മുമ്പിൽ സ്വർഗ്ഗത്തിൽ നിന്ന് ദൂതൻ വന്ന് നമ്മെ സ്ഥിരപ്പെടുത്തുന്ന ഒരു വലിയ അനുഭവം നമുക്ക് ലഭ്യമായി തീരുന്നത്. യേശുക്രിസ്തുവിന്റെ ജനനം യാതൊരു സംശയത്തിനും ഇട നൽകാതെ അത് ദൈവീകവും, പരി. റൂഹായുടെ പ്രവർത്തനവുമാണ് എന്ന് പിന്നീടുള്ള തലമുറകൾക്കും മനസിലാക്കുവാൻ യൗസേഫിനുണ്ടായ ഈ വെളിപ്പെടുത്തലിലൂടെ സാധ്യമായി തീർന്നു എന്ന് നമുക്ക് മനസിലാക്കുവാൻ സാധിക്കും. ●

# കവിതകൾ

## ആധാരം

ബിജു ഇ.പി. ഇളമ്പള്ളിൽ

ആധാരത്തിൽ അധിഷ്ഠിതമാണിന്ന്
ആത്മബന്ധങ്ങളുടെ അളവുകോൽ
ആധാരത്തിൽ അല്പം കുറവുണ്ടായാൽ
അത്രതന്നെ കുറവുണ്ടാകും
ആത്മബന്ധത്തിന്

കൂടപ്പിറപ്പിന് അല്പം കൂടിപ്പോയാൽ പിന്നെ
കൂട്ടത്തല്ല് ആയിരിക്കും കുടുംബത്തിൽ
കൈയിലെ സ്വത്തിൻ ആധാരം കൈവിട്ടാൽ
പിന്നെ മക്കൾ ആരും കാണില്ല കൂട്ടിന്.

ആധാരം എന്ന മൂന്നക്ഷരം ഉണ്ടാക്കാൻ
ആയുസ്സുമുഴുവൻ അലയുന്നു അച്ഛനുമമ്മയും
ഇന്നു ഞാൻ നാളെ നീ എന്നുള്ള ചൊല്ല്
തെല്ലും മറക്കല്ലേ മക്കളെ നിങ്ങൾ

പുത്രി-പുത്രവാത്സല്യത്താൽ മാതാപിതാക്കൾ
മക്കൾക്ക് നൽകുന്നൊരുപഹാരം
ആഹാരമായി കണ്ടു ആവശ്യം കഴിയുമ്പോൾ
അധികപ്പറ്റായി കാണരുത്
അച്ഛനെയും അമ്മയെയും.

## പടിയിറക്കം

ബെന്നി മറ്റത്തിൽ, കുറ്റൂർ

ഹൃദയവ്യഥ കനം വയ്ക്കും[1] മൊഴിചൊല്ലിയാ
പടിയിറക്കത്തിൽ
സ്വാതന്ത്ര്യത്തിൻ പരിരംഭണം നുകരുന്നുവോ മനം
ഇനിയും മുഴുവനായ് സമർപ്പണം നല്ലപാതിക്കെന്നാ
വിടർന്ന
മുഖദർപ്പണമോതുന്ന കാഴ്ചയമൃതം തന്നെ

ഇനിമുതൽ ഞാനെന്ന സ്വത്വം, ഒഴിയുന്നു
ഇന്നലകളിലെ വിടർന്ന പൂ, കൊഴിയുന്നു, മായുന്നു
ഓർമ്മകളിലൂടെ കൈവീശി മറയുമ്പോളൊരു
താരാട്ടു കേൾക്കാം[2] ഇന്നു ഞാൻ നാളെ നീ ....

നാളെയാം യാഥാർത്ഥ്യവുമായ് സമരസപ്പെട്ടീടുവാൻ
ഇന്നു ഞാൻ വിടചൊല്ലീടട്ടെ കൂട്ടരെ നിറമനസ്സുമായ്
അറ്റുപോകാത്തൊരാ സൗഹൃദക്കണ്ണി മുറുകട്ടെ
ഇനിയുമിനിയും
നിയതിയെൻ പട്ടത്തിൻ ചരടു മുറിക്കും വരെയെങ്കിലും....

കാലമൊരു മയിൽപീലിയായെന്നെ ഓർമ്മ
പുസ്തകത്താളുകൾക്കിടയിൽ
കാത്തുസൂക്ഷിക്കുമെങ്കിലീജന്മം കൃതാർത്ഥമായ്
സഹജരെ
ഇന്നലെകളെയിന്നും, ഇന്നുകളെ
നാളെയുമാക്കുമാ പ്രതീക്ഷ
യാവോളമറിയുവാനീശ്വര കൃപയ്ക്കായ്
ഒന്നിച്ചിരന്നീടാം....

1. സ്ഥാപനം
2.വിരമിയ്ക്കൽ



# മലർവാടിക്കൂട്ടം

ഒരു വിധവ ഉണ്ടായിരുന്നു. അവർ ഒരു കോഴിയെ വളർത്തിയിരുന്നു. തന്നെ സംരക്ഷിച്ചു വരുന്നത് ഈ സ്ത്രീയല്ലേ. ദിവസവും ഓരോ മുട്ട വീതവും കൊടുക്കാമെന്ന് കോഴി തീരുമാനിച്ചു.

ദിവസവും മുട്ട നൽകുന്ന കോഴിയല്ലേ? യജമാനത്തിക്ക് കോഴിയോട് വലിയ സ്നേഹമായി. അതിനാൽ കോഴിക്ക് പതിവായി കൊടുക്കാറുള്ള തീറ്റയുടെ അളവ് ഇരട്ടിയാക്കാൻ തീരുമാനിച്ചു.

വിധവ അതിമോഹക്കാരിയായിരുന്നു. കോഴിയോടുള്ള സ്നേഹം മൂത്തത് മറ്റൊന്നും കൊണ്ടായിരുന്നില്ല. ഇരട്ടി ഭക്ഷണം കൊടുത്താൽ മുട്ടയുടെ എണ്ണം ഇരട്ടിക്കും. ദിവസത്തിൽ രണ്ട് മുട്ട വീതം ലഭിക്കും എന്നായിരുന്നു അവരുടെ കണക്കു കൂട്ടൽ.

പക്ഷേ... കുറച്ച് ദിവസംകൊണ്ട് കോഴി അമിതമായി തടിച്ച് കൊഴുക്കുകയും മുട്ടയിടീൽ പൂർണ്ണമായി നിർത്തുകയുമാണ് ഉണ്ടായത്.

(അതിരു കടന്ന ആഗ്രഹം നിറവേറപ്പെടുകയില്ല.)

സസ്നേഹം
കൊച്ചേട്ടൻ



## ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

1. ദൈവത്തിന്റെ വിളവിന്റെ ആദ്യഫലം എന്ത്?
2. പുള്ളി മാറ്റുവാൻ കഴിയാത്ത ഒരു മൃഗം ഏത്?
3. ദൈവം ഇരുമ്പു തൂണും താമ്ര മതിലുകളും ആക്കിയ പ്രവാചകൻ ആര്?
4. യിരെമ്യാവ് എത്ര ദിവസം ആമത്തിൽ കിടന്നു?
5. ദൈവം യെരുശലേമിനെക്കുറിച്ച് ഓർക്കുന്നതെന്ത്?
6. മാലാഖമാരുടെ സ്തുതിപ്പ്, വിശ്വാസ പ്രമാണം, മരിച്ചവരുടെ കുക്കിലിയോൻ, ഹൂത്തോമോ, സമാശ്വാസ പ്രാർത്ഥന ഇവ നടത്തുന്നതെപ്പോൾ?
7. യാമ പ്രാർത്ഥനയുടെ ധ്യാന വിഷയം എന്ത്?
8. 'യേശുവേ, മഹോന്നതനായ ദൈവത്തിന്റെ പുത്രാ' എന്ന് യേശുവിനെ വിളിച്ചതാര്?
9. ഭൂതങ്ങളുടെ തലവന്റെ പേരെന്തായിരുന്നു?
10. അശുദ്ധാത്മാക്കൾ എന്തു പറഞ്ഞാണ് നിലവിളിക്കുന്നത്?

**ഒക്ടോബർ മാസത്തിലെ ഉത്തരങ്ങൾ**

1. വെള്ളം വാഴ്വിന്റെ ശുശ്രൂഷ
2. യാമപ്രാർത്ഥന
3. 6 എണ്ണം. (യൽദോ, ദനഹ, ഊശാന, വാദേ ദൽമീനോ, വലിയവെള്ളി, ക്യംതാ
4. 2 എണ്ണം. (ഉയർപ്പിന്റെ രഹസ്യശുശ്രൂഷയും, സ്ലീബാ ആഘോഷത്തിന്റെ പരസ്യശുശ്രൂഷയും
5. വചനിപ്പ് പെരുന്നാൾ, മറുരൂപപെരുന്നാൾ, ചിലപ്പോൾ മായൽത്തോ.
6. അല്ഫായി. (മർക്കോ. 3:18)
7. കടുകുമണിയോട് (മർക്കോ. 4:31)
8. പുരുഷാരത്തോട് (5:30)
9. യായിറോസിന്റെ മകളോട് (മർക്കോ. 5:41)
10. യിരെമ്യാവ് (1:18)

## 3 – ാം ചരമവാർഷികം

02 – 12 – 2020



Advt - G

## മറിയാമ്മ കുരുവിള

മൂഴിപ്പെരുമേത്ത്

ഐത്തല, ചെറുകുളഞ്ഞി, റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1st Anniversary In Heaven

07-11-2020



Advt - O

## T.T. Joseph

**Thundiyil Joby Villa, Manjadi, Kattodu**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

## ഒന്നാം ചരമവാർഷികം

1 – 11 – 2020



Advt -O

## Sub/Clk. സഖറിയ എം. സി.

**ഷാൻ നിവാസ് മുണ്ടിയത്രയിൽ, തെങ്ങേലി**

*പ്രാർത്ഥനയോടെ*

*മക്കൾ* – Joshan, Roshan, Shan

*മരുമക്കൾ* – Shinta, Pretty, Soumya

## 3 – ാം ചരമവാർഷികം

2 – 12 – 2020



Advt -O

## പി. ഐ. ഇടിക്കുള

**പാണ്ടിപ്പുറത്ത്, തിരുവനന്തപുരം**

"നിന്റെമഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 4 – ാം ചരമവാർഷികം
27 – 11 – 2020



Advt -O

### തങ്കമ്മ ഉപ്പായി (അച്ചാമ്മ)

മൂഴിപ്പാറ, കുഴിമറ്റം

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

---

## 4 – ാം ചരമവാർഷികം
10 – 11 – 2020

## 3 – ാം ചരമവാർഷികം
09 – 11 – 2020





### ഏലിയാമ്മ ഏബ്രഹാം
(ചിന്നമ്മ)

### ഏബ്രഹാം മാത്യു
(തങ്കച്ചൻ)

പെരുമ്പള്ളിപ്പറമ്പിൽ,
കാണക്കാരി, കോട്ടയം

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

---

## 10th Year of Demise
3-11-2020



Advt -S

### W.O. KURIEN K.I. (Retd)

**Kuttikattil House, Mazhukeer**

Deeply missed and lovingly remembered by
Wife, Children & Grand Children

By Sorrowing Family Members

---

## 41 – ാം ചരമദിനം
2 – 11 – 2020



Advt -S

### കെ. എം. മാത്യു (അനിയച്ചൻ)

കൊച്ചാലമുറ്റത്ത്, മഞ്ഞാടി, കറ്റോട്, തിരുവല്ല

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

# 2 – ാം ചരമവാർഷികം

14 – 12 – 2020



Advt -S

## അമ്മിണി ജോസഫ്

**പള്ളിയമ്പിൽ, കുറ്റൂർ**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

---

| 9 – ാം ചരമവാർഷികം | 40 – ാം ചരമദിനം |
|---|---|
| 14 – 07 – 2020 | 21 – 11 – 2020 |





**പി. എ. ഉതുപ്പാൻ** — **മറിയാമ്മ ഉതുപ്പാൻ**

**പഴയകളത്തിൽ, കുറിച്ചി**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

*പഴയകളത്തിൽ & കക്കുഴിയിൽ ഫാമിലി ശാന്തൻപാറ*

Advt -R

---



# 40 – ാം ചരമദിനം

15 – 11 – 2020

## മറിയാമ്മ ജോസഫ് (90)

**W/O. Late. C.K. ജോസഫ്**

**ചരിവുപറമ്പിൽ, അങ്ങാടി, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Advt -S

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40th Day of Demise

3 – 11 – 2020



## Achamma Abraham (73)

(Achammakutty)
W/o Late T.A. Abraham
Thodathilmalayil (H), Thuruthicadu

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

By Sorrowing Family

Advt -S

## 1 – ാം ചരമവാർഷികം

14-11-2020



## Thankamma Kunjachan

(കൊച്ചമ്മച്ചി )
Planthottathil Thyil, Kallissery

"ഞാൻ നല്ലപോർ പൊരുതി ഓട്ടം തികച്ചു വിശ്വാസം കാത്തു" 2 തിമോ 4:7

Advt -S

With Loving Memories

Second Death Anniversary
12 November 2020

## Mrs. Sosamma Jacob
## ( Santhamma)

Kannadippuzha, Irumpanam , Ernakulam

It is so hard to live without you our
Dearest Mummy
We all miss you a lot ...
Eagerly waiting to see you in Eternity



Jaikochan , Children and
Grand Children

Advt - G

## FIRST DEATH ANNIVERSARY
24-11-2020



**T. A. ABRAHAM ( Jose)**
Retired Addl. S.E., M.P.E.B.
Thayil House Thottabhagam ( Ennikadu)

Advt - O

Son & Family
T.A. Joiy, Judy(Koorkakalayil)
Vinod, Seeja (Mangatu)

Grand Children's
Sandra, Shane
Hanaah

Daughter & Family
Josy, Reji (Akkarakandathil)

Jerin, Justin

## 1st Death Anniversary
9/11/2020



Advt -O

## Kuruvilla Abraham
**(Kuriakochen)**
Born on 22/08/1950 Called to Rest on 09/11/2019
**Kalayil, Edakkulam, Ranni**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

By Sorrowing Family

30–ാം ചരമ വാർഷികം
31.12.1990



30–ാം ചരമ വാർഷികം
15.12.1990



7–ാം ചരമ വാർഷികം
30.11.2013



Advt -O

**VRY. REV. .T.M. JACOB**
COR - EPISCOPA
മുടികൾ മുടഞ്ഞൊട്ടിത്തകിടും
ബലിപീഠത്തിലിരുപ്പുണ്ട്
നിർമ്മലരായ് പരികർമ്മിപ്പോ
രാചാര്യർക്കവ ചൂടീടും

**MARIYAMMA JACOB**
'നിൻെറ മഹത്വമുദിക്കും നാൾ
നില്ക്കണമിവർ വലഭാഗത്തിൽ'

**MATHEW T. JACOB (KUNJUMON)**
THIRUVANANTHAPURAM
"Till we meet on that beautiful shore,
we will miss you"
our dearest Daddy - THE MATHEWS

KIZHAKKE THEVARKUZHIYIL - NUCHYIL

## 40 – ാം ചരമദിനം

20 – 11 – 2020



## ശോശാമ്മ തോമസ് (98)

ചെങ്ങാലിപ്പള്ളത്തുമലയിൽ, കുറ്റൂർ

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 2 – ാം ചരമവാർഷികം

8 – 12 – 2020



## കെ.യു. യോഹന്നാൻ

കൈപ്പിള്ളികുന്നത്ത്, രാമമംഗലം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O



*The sting of death is sin, and the power of sin is the law.*
*But thanks be to God, who gives us the victory through our Lord Jesus Christ.*
I CORINTHIANS 15 V 56-57

## 40th DAY OF DEMISE

6-NOV-2020

*In loving memory of*

## Annet Kuriakose (64)

21st JAN 1957 - 28TH SEPT 2020

---

Wife of Retd. Prof. T Kuriakose (St Thomas College, Ranny)
Kuzhikandathil ,West Othera P.O, Thiruvalla.

Parents: Late K.C Thomas & Late Molly Thomas
Kannankuzyathu House , Ranny.

---

Children: Annu & Lincoln Jacob (Punnasseril , Ranny)
Jinnu & Renjit Peter (Pattarkuzhy, Kidangoor)
Meenu & Archie Raj Abraham (Thottathil, Eraviperoor)
Grandchildren: Nathan, Niya, Simon, Kenaniah, James & Noah

Advt -O

40 – ാം ചരമദിനം 6 – 11 – 2020

1 – ാം ചരമവാർഷികം 30 – 10 – 2020



പി. സി. മറിയാമ്മ (89) കെ. എ. ജോസഫ് (96)

Rtd Teacher

C.M.S. LPS, വെച്ചൂചിറ

**കണ്ണൻകേരിൽ, വെച്ചൂചിറ**

പ്രാർഥനയോടെ:

ലിസി തോമസ് കണ്ടത്തിൽ കളിയിക്കൽ,

ഏലിയാമ്മ മാത്യു കണ്ണാലിൽ,

ജേക്കബ് ജോസഫ് & ഡോളി കണ്ണൻകേരിൽ

"നിന്റെമഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

---

28 – ാം ചരമവാർഷികം 12 – 11 – 2020

11 – ാം ചരമവാർഷികം 4 – 11 – 2020





വി. സി. സ്കറിയ (Rtd. A.E.)

എ. സി. ചിന്നമ്മ (Rtd. Teacher)

**വൈക്കത്തുശ്ശേരിൽ, കുറിച്ചി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

---



40 – ാം ചരമദിനം

18 – 11 – 2020

# M.S. തങ്കച്ചൻ (86)

മേലേക്കുറ്റ്,

ഐത്തല, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

19th Death Anniversary
10-04-2020

17th Death Anniversary
